# ദി ഡിഫെൻഡർ

Vol. No. 12 Issue No. 11 RNI Reg. No. 68089 / 97 Published From Perumbavoor 2009 June 1 Price: Rs.100/- P.A.

## ബഥനി ഏറ്റെടുക്കൽ: ദുരൂഹത ഏറുന്നു



കെ.സി.ജോൺ ബഥനി അക്കാഡമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ ദുരൂഹത ഏറി വരുന്നു. ഏറ്റവും അടുത്ത സുഹൃത്തുക്കളെപ്പോലും അറിയിക്കാതെയാണ് കെ.സി. ജോൺ ബഥനി അക്കാഡമി ഏറ്റെടുത്തതെന്ന വസ്തുത പരിഗണിക്കുമ്പോൾ ഇതിന്റെ പിന്നിൽ എന്തൊക്കെയോ രഹസ്യങ്ങൾ ഉണ്ടെന്നു വ്യക്തം.

ഒരു സാധാരണ വ്യക്തി ഒരു സ്ക്കൂൾ തുടങ്ങുന്നതോ നിലവിലുള്ള സ്ക്കൂൾ ഏറ്റെടുക്കുന്നതോ വാർത്താപ്രാധാന്യമുള്ള വിഷയമല്ല. പക്ഷേ അതല്ല ഈ സംഭവത്തിനു പിന്നിലുള്ളത്. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് പ്രസ്ഥാനം എന്നു പറയപ്പെടുന്ന ഐ.പി.സിയുടെ ജനറൽ പ്രസിഡന്റാണു കെ.സി.ജോൺ. കൂടാതെ, പൊതുജനങ്ങളിൽ നിന്നു പണം പിരിച്ചു നടത്തിവരുന്ന പവ്വർ വിഷൻ എന്ന ടി.വി ചാനലിന്റെ ചെയർമാനുമാണ് ഇദ്ദേഹം. പണമില്ലാത്തതുകൊണ്ടു ബാങ്കിൽ നിന്നു ലോൺ എടുത്താണു കാറുവാങ്ങിയതെന്നു കെ.സി. ജോൺ ഹാലേലൂയ്യായിലെ അഭിമുഖത്തിൽ പറഞ്ഞിട്ട് ഒരു വർഷം തികഞ്ഞിട്ടുമില്ല. ഇതിനിടയിൽ എങ്ങനെ ബഥനി അക്കാഡമി വാങ്ങാനുള്ള പണം കെ.സി.ജോണിനുണ്ടായി എന്നത് അറിയാനുള്ള അവകാശം പൊതുജനത്തിനുണ്ട്. 25 കോടിയെങ്കിലും വിലമതിക്കുന്നതാണ് ബഥനി അക്കാഡമി എന്ന വസ്തുതകൂടി പരിഗണിക്കുമ്പോൾ പ്രശ്നത്തിന്റെ ഗൗരവം വർദ്ധിക്കുന്നു.

ബഥനി അക്കാഡമി ഏറ്റെടുത്തതു കെ.സി.ജോണല്ല പവ്വർ വിഷനാണ് എന്നു കെ.സി. ജോൺ പലരോടും പറഞ്ഞതായി അറിഞ്ഞു. അതു ശരിയാണെങ്കിലും പ്രശ്നം തീരുന്നില്ല. നടത്തിക്കൊണ്ടു പോകാനുള്ള പണം യഥാസമയം ലഭിക്കുന്നു എന്നല്ലാതെ പവ്വർ വിഷനു മിച്ചമോ ലാഭമോ ഇല്ല എന്ന് കെ.സി. ജോൺ രണ്ടു മാസം മുൻപു പവ്വർ വിഷനിൽ പ്രഖ്യാപിക്കയുണ്ടായി. അങ്ങനെയെങ്കിൽ ബഥനി ഏറ്റെടുക്കാനുള്ള പണം ഈ രണ്ടു മാസത്തിനിടയിൽ എങ്ങനെയുണ്ടായി?

നേരേചൊവ്വേയുള്ള ഇടപാടാണു നടന്നതെങ്കിൽ ബഥനി അക്കാഡമി ഏറ്റെടുത്ത വിവരം കെ.സി.ജോൺ അതീവ രഹസ്യമായി സൂക്ഷിച്ചതെന്തുകൊണ്ട് എന്ന ചോദ്യത്തിനും ഉത്തരം ലഭിക്കേണ്ടതുണ്ട്. കെ.സി. ജോണിന്റെ മന:സാക്ഷി സൂക്ഷിപ്പുകാർ പോലും സംഭവം അറിഞ്ഞതു ഡിഫെൻഡറിൽ നിന്നാണ്. വിശദ വിവരമറിയാൻ അവർ കെ.സി.ജോണുമായി ബന്ധപ്പെട്ടെങ്കിലും സംഭവം സത്യമാണെന്നതൊഴികെ ഒന്നും തുറന്നു പറയാൻ കെ.സി.ജോൺ തയ്യാറായതുമില്ല. ഇത്തവണ അമേരിക്കയിൽ പോയാൽ ഇതേപ്പറ്റിയെല്ലാം ചോദ്യമുണ്ടാകുമെന്നു കെ.സി. ജോണിനറിയാം. അതുകൊണ്ട് അമേരിക്കൻ യാത്രതന്നെ മാറ്റിവച്ചാലോ എന്ന ചിന്തയിലാണ് കെ.സി.ജോൺ ഇപ്പോൾ.

## അമേരിക്കയിലേക്കു സന്ദർശകർ ഒഴുകുന്നു

ആഗോള സാമ്പത്തിക മാന്ദ്യം മൂലം നട്ടം തിരിയുന്ന അമേരിക്കൻ വിശ്വാസികളുടെ തലയിലേക്കു സന്ദർശകരെന്ന കല്ലു മഴ പെയ്തിറങ്ങുന്നതായി അമേരിക്കയിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. സന്ദർശകമാരി ആരംഭിച്ചിട്ടേയുള്ളൂ എന്നതിനാൽ ഇതുമൂലമുണ്ടാകുന്ന നാശനഷ്ടം എത്രത്തോളമായിരിക്കുമെന്നു പറയാറായിട്ടില്ല.

അമേരിക്കൻ സന്ദർശനം സ്ഥിരം പരിപാടിയാക്കിയ നേതാക്കൻമാരും മറ്റു നാശയോഗ്യൻമാരും ഇത്തവണയും പതിവു തെറ്റിക്കയില്ല. ഇവർക്കു കഴിഞ്ഞ കാലങ്ങളിൽ അഭയം നൽകിയിട്ടുള്ളവർക്ക് ഇത്തവണയും ഒഴിഞ്ഞുമാറാനുമാവില്ല. താമസ സൗകര്യം, ഭക്ഷണം, യാത്രാക്രമീകരണങ്ങൾ, ബാധ ഒഴിയുമ്പോൾ നൽകേണ്ട കൈമടക്ക് എന്നീ ഇനങ്ങളിലായി ആയിരക്കണക്കിനു ഡോളർ സ്വാഹായാകും. ഇവരെ കൂടാതെയാണ് മറ്റുള്ളവരുടെ അധിനിവേശം.

കഴിഞ്ഞ ഏതാനും വർഷങ്ങളിൽ നിരവധി മൾട്ടിപ്പിൾ എൻട്രി വിസകൾ അമേരിക്കൻ സർക്കാർ നൽകിയിട്ടുണ്ട്. ഈ വർഷവും നിരവധി ആളുകൾക്കു വിസ ലഭിച്ചുകഴിഞ്ഞു. മൾട്ടിപ്പിൾ എൻട്രി വിസ നൽകിയതു ദൈവമാണെന്നും അതുകൊണ്ട് ദൈവമാണു തങ്ങളെ അമേരിക്കയിലേക്ക് അയയ്ക്കുന്നതെന്നുമാണ് ഇവരുടെ വാദം. ദൈവത്താൽ അയയ്ക്കപ്പെട്ടവരെ തിരസ്ക്കരിക്കുന്നതു ദൈവത്തെ തിരസ്ക്കരിക്കുന്നതിനു തുല്യമാകയാൽ ഏവരും തങ്ങളെ സ്വീകരിക്കുകയും ദൈവത്തേപ്പോലെ പരിഗണിക്കയും ചെയ്യണമെന്ന് ഇവർ ശഠിക്കുന്നു. ഇവരിൽ പലരും തരം കിട്ടിയാൽ സൃഷ്ടികർമ്മം വരെ നടത്തുന്നവരാണെന്ന വസ്തുത അമേരിക്കയിലെ വിശ്വാസികൾ അറിഞ്ഞിരുന്നാൽ നന്ന്.

ദൈവം അയച്ചിട്ടാണ് തങ്ങൾ അമേരിക്കയിലെത്തിയത് എന്നൊക്കെ എല്ലാവരും ഭംഗിവാക്കു പറയുമെങ്കിലും പരിശുദ്ധ ദ്രവ്യാഗ്രഹം ഒന്നുമാത്രമാണ് ഈ യാത്രകളുടെ പിന്നിലുള്ളത് എന്നതാണു സത്യം. എങ്ങനെയെങ്കിലും നാലു കാശുണ്ടാക്കണം എന്ന ഏക ലക്ഷ്യത്തോടെയാണ് എല്ലാവരും എത്തുന്നത്. അതിനായി എന്തു വേലയും ഇവർ കാട്ടിക്കൂട്ടും. സാധുക്കളായ ദൈവമക്കൾ ഇവരുടെ ചതിയിൽ അകപ്പെടുകയും ചെയ്യും.

ഈ സന്ദർശകപ്പടയെ എങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാതെ കുഴയുകയാണ് മിക്കവരും. അങ്ങനെയുള്ളവരുടെ സഹായത്തിനായി ചില നിർദ്ദേശങ്ങൾ ഇതാ:

1. യാതൊരുവിധ മുൻപരിചയവുമില്ലാത്തവരെ വീട്ടിൽ കയറ്റുകയോ പണം നൽകുകയോ ചെയ്യരുത്. ഇത്തരക്കാർ ഫോൺ ചെയ്താൽ പ്രാരംഭത്തിൽ തന്നെ കാര്യം തുറന്നു പറയുക. വീണ്ടും വിളിക്കാൻ ഇടയാകാത്തവിധം സംസാരിക്കുക.
2. അൻപതു വയസ്സിൽ താഴെയുള്ളവരെ ഒരു വിധത്തിലും പ്രോത്സാഹിപ്പിക്കരുത്.
3. അൻപതു വയസ്സിനു മുകളിലുള്ളവരെല്ലാം നല്ലതാണെന്നും അവരെ രണ്ടുകൈയ്യും നീട്ടി സ്വീകരിക്കണമെന്നും ഈ പറഞ്ഞതിന് അർത്ഥമില്ല. ദീർഘവർഷം ദൈവവേല ചെയ്തവരും ആദ്യമായി അമേരിക്കയിലെത്തുന്നവരുമായ വൃദ്ധർക്കു പ്രത്യേക പരിഗണന നൽകണം എന്നാണു പറഞ്ഞതിന്റെ ചുരുക്കം.
4. ഏതു പ്രായത്തിലുള്ള പ്രവാചകനായാലും ഒഴിവാക്കുക. 99% പ്രവാചകൻമാരും കള്ളൻമാരാണെന്നതുതന്നെ കാരണം.
5. അമേരിക്കൻ പര്യടനം സ്ഥിരം തൊഴിലാക്കിയവരോടു കഴിയുന്നത്ര പരുഷമായി ഇടപെടുക. ഇത്തരക്കാർ ഇനി അടുത്ത കാലത്തൊന്നും അമേരിക്കയിൽ വരാൻ ധൈര്യപ്പെടരുത്.
6. ഏതു പ്രായത്തിലുള്ളവരായാലും വീട്ടിൽ താമസിക്കാൻ സൗകര്യം കൊടുക്കുന്നതു പത്തുവട്ടം ആലോചിച്ചിട്ടുമതി. പലരുടേയും കൈയ്യിലിരുപ്പു ശരിയല്ല. ഇത്രയുമൊക്കെ സൂക്ഷിച്ചാൽ ആപത്തിൽ നിന്ന് ഒരളവോളമെങ്കിലും രക്ഷപ്പെടാം.

## മുല്ലക്കരയ്ക്കും നസീലയ്ക്കും വിസ കിട്ടിയില്ലേ?





ദേവസ്യ മുല്ലക്കരയ്ക്കും നസീല ബീവിക്കും വിസ കിട്ടിയില്ലേ? ഇല്ലെങ്കിൽ പിണ്ണാക്ക് സമ്മേളനത്തിന്റെ ഭാരവാഹികൾ ആ വസ്തുത തുറന്നു പറയണം. ഇവരുടെ പേരുകൾ വെബ്സൈറ്റിൽ നിന്നു നീക്കുകയും വേണം.

ഈ വിഷയത്തോടുള്ള ബന്ധത്തിൽ ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ വ്യക്തമായ വസ്തുതകൾ ഇവയാണ്:

ദേവസ്യ മുല്ലക്കര, നസീല ബീവി എന്നിവരുടെ വിസ അപേക്ഷകൾ മദ്രാസ്സിലുള്ള അമേരിക്കൻ കോൺസുലേറ്റ് തള്ളി. അതുകൊണ്ട് പിണ്ണാക്ക് കോൺഫ്രൻസിൽ പങ്കെടുക്കാൻ ഇവർക്കു കഴിയുകയില്ല. എന്നാൽ കോൺഫ്രൻസിന്റെ ഭാരവാഹികൾ എങ്ങനെയെങ്കിലും ഇവരെ കൊണ്ടുവരാനുള്ള ശ്രമത്തിലാണ്. അതിനായി ചില ഉന്നതരുടെ ശുപാർശക്കത്തു സഹിതം വീണ്ടും അപേക്ഷ നൽകുകയാണ്.

ഇത്തരം വിവരങ്ങൾ ഭാരവാഹികൾ രഹസ്യമാക്കി വയ്ക്കുന്നതിന്റെ പിന്നിലെ രഹസ്യം വ്യക്തം. ഇത്തവണ വളരെ കുറച്ച് ആളുകൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ഇന്നത്തെ നില വച്ചു നോക്കുമ്പോൾ വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാനുള്ള സാദ്ധ്യതയാണു കാണുന്നത്. ക്ഷണിക്കപ്പെട്ട പ്രസംഗകരിൽ രണ്ടുപേർ വരുകയില്ല എന്നുകൂടി അറിയുമ്പോൾ അതു രജിസ്ട്രേഷനെ ബാധിക്കും. അതുകൊണ്ട് ഈ വിവരങ്ങൾ രഹസ്യമാക്കി വയ്ക്കുകയാണ്.

ഈ രണ്ടുപേരും വരാതിരിക്കയാണു നല്ലത് എന്ന വസ്തുത സംഘാടകരും മറ്റുള്ളവരും അറിഞ്ഞിരിക്കണം. മുല്ലക്കരയ്ക്കു വചനപരിജ്ഞാനമില്ല. പ്രസംഗം എഴുതിവച്ചു വായിക്കുകയാണു ചെയ്യുന്നത്. രോഗശാന്തിയുടെ പേരുപറഞ്ഞ് കുറെ തട്ടിപ്പുകളും നടത്തും. നസീല ബീവിയുടെ സാക്ഷ്യം സത്യമോ ഭോഷ്ക്കോ എന്നുപോലും നിശ്ചയമില്ല. മെഗാ സീരിയൽ പോലെ പറഞ്ഞാലും പറഞ്ഞാലും തീരാത്ത ആ സാക്ഷ്യത്തിൽ ഒട്ടേറെ പൊരുത്തക്കേടുകളുണ്ട്. ഡിഫെൻഡർ ഇതേപ്പറ്റി അന്വേഷണം നടത്തിവരുന്നു.

ആണ്ടുതോറും പിണ്ണാക്ക് സമ്മേളനം നടത്തേണ്ടതുണ്ടോ എന്നതിനേപ്പറ്റി ചൂടേറിയ ചർച്ചകൾ നടക്കുന്നുണ്ട്. രണ്ടു വർഷത്തിൽ ഒരിക്കൽ മതി എന്ന് ഒരു കൂട്ടർ പറയുമ്പോൾ നാലോ അഞ്ചോ വർഷത്തിൽ ഒരിക്കൽ മതിയെന്നാണ് മറ്റു ചിലരുടെ പക്ഷം. ആണ്ടുതോറും നടത്തിയേ അടങ്ങു എന്നു വാശിയുള്ളവരുമുണ്ട്. ഏതായാലും ഇത് ഇത്തവണത്തെ സമ്മേളനത്തിൽ ചൂടേറിയ ചർച്ചയ്ക്കു കാരണമാകും എന്നതിനു സംശയമില്ല. വാക്യമത്സരം ഉറപ്പ്. മറുഭാഷയും കൈവയ്പ്പും ഇല്ലാതെ തീരുമാനത്തിലെത്തിയാൽ ഭാഗ്യം. കാര്യങ്ങൾ ഇങ്ങനെയൊക്കെ ഇരിക്കുന്നതിനിടയിൽ ക്ഷണിക്കപ്പെട്ടവർക്കു വരാൻ കഴിയാതാകകൂടി ചെയ്താൽ അത് സമ്മേളനത്തിന്റെ ക്രമീകരണങ്ങൾ താറുമാറാക്കും.

### പകൽക്കാലം

വിധിക്കു മുമ്പു പാസ്റ്ററെ വിളിച്ചു പ്രാർത്ഥിപ്പിച്ചെന്ന്!!

വിധിക്കു ശേഷം വേളാങ്കണ്ണിക്കും പോയി....



Websites: www.tsbalan.com www.tsbalan.org Email: tsbalan@yahoo.com Ph: 0484-3232356 Mob: 96564 32921

ദി ഡിഫെൻഡർ
Vol. No.12 Issue No.11 2009 June 1

# നനഞ്ഞിടം കുഴിക്കുന്നവർ

വിദേശരാജ്യങ്ങളിലുള്ള ദൈവമക്കൾ ഉദാരമതികളാണ്. അവരുടെ സഹായംകൊണ്ടാണ് ഇന്ത്യയിലെ ഒട്ടേറെ ആത്മീയ പ്രവർത്തനങ്ങൾ നടന്നുപോകുന്നത്. ദൈവത്തേയും ദൈവവേലയേയും അവർ സ്നേഹിക്കുന്നതുകൊണ്ടാണ് തങ്ങൾ വിയർപ്പൊഴുക്കി ഉണ്ടാക്കിയ പണം ഈ നല്ലകാര്യങ്ങൾക്കായി സംഭാവന ചെയ്യുന്നത്. പക്ഷേ വിദേശ മലയാളികളുടെ ഈ നല്ലമനസ്സിനെ ചൂഷണം ചെയ്ത് സ്വന്തം കീശ വീർപ്പിക്കുന്നവരും ഏറെയുണ്ടെന്നത് നിഷേധിക്കാനാവില്ല.

ഗൾഫ്, അമേരിക്ക, യുകെ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ ചുറ്റിക്കറങ്ങുന്നതു തൊഴിലാക്കിയ ചിലർ പെന്തക്കോസ്തിലുണ്ട്. ധനസമ്പാദനം എന്ന ഏക ലക്ഷ്യത്തോടെയാണ് ഇവർ ഇറങ്ങിത്തിരിക്കുന്നത്. അതിനായി ഇവർ ഏത്ര ഹീനമായ തന്ത്രവും പ്രയോഗിക്കും. കള്ളസാക്ഷ്യം പറയലാണ് പ്രധാന പരിപാടി. കള്ളപ്രവചനവും വ്യാജ രോഗശാന്തിയും പ്രതീക്ഷിക്കാം. ഇല്ലാത്ത വേലയുടെ കണക്കു പറഞ്ഞ് ഇവർ പണം പിരിക്കും. അനാഥശാല, വൃദ്ധസദനം തുടങ്ങിയവ നടത്തുന്നതായി അവകാശപ്പെടും. ചിലർക്ക് അഞ്ചോ പത്തോ കുട്ടികളുള്ള ഒരു അനാഥശാല ഉണ്ടായിരിക്കയും ചെയ്യും. പക്ഷേ ഇത്തരം നൂറ് അനാഥശാലകൾ നടത്താനുള്ള പണം ഇവർ പിരിച്ചെടുക്കും. ഇത്തരക്കാർ പറയുന്നതൊക്കെ സത്യമാണെന്നു ധരിച്ച് സാധുക്കൾ സാമ്പത്തിക സഹായം ചെയ്യുന്നു. ഈ സ്ഥിതി മാറാതെ പറ്റില്ല.

കേൾക്കുന്നതെന്തും വിശ്വസിക്കുന്നത് വിശ്വാസമല്ല അന്ധവിശ്വാസമാണ്. ദൈവദാസൻമാരുടെ വേഷം കെട്ടി വരുന്നവരെല്ലാം ദൈവദാസൻമാരായിക്കൊള്ളണമെന്നില്ല. ‘‘അവരോടു ദൈവം ചോദിക്കട്ടെ’’ എന്നാണ് മിക്കവരും പറയുന്നത്. അദ്ധ്വാനിച്ചുണ്ടാക്കിയ പണം ഏതെങ്കിലും കള്ളനു കൊടുത്തിട്ട് ദൈവത്തേക്കൊണ്ടു ചോദിപ്പിക്കേണ്ട കാര്യമില്ല. നമുക്കു ചെയ്യാൻ കഴിയുന്നതൊക്കെ നാം തന്നെ ചെയ്യണം.

ഉലക പര്യടനം തൊഴിലാക്കിയവരെ അകറ്റി നിർത്തുകയാണ് ആദ്യമായി ചെയ്യേണ്ടത്. താമസസൗകര്യവും പ്രോഗ്രാമും പണവും കൊടുത്തു സഹകരിച്ചാൻ ഈ കള്ളൻമാർ പിന്നേയും വരും. അതുകൊണ്ട് പ്രാരംഭത്തിൽത്തന്നെ അവഗണിക്കുക. ദൈവകോപമുണ്ടാകും എന്നും മറ്റും ചിന്തിക്കരുത്. ദൈവം അത്ര വിഡ്ഢിയല്ല. ദൈവനാമം പറഞ്ഞു കൊണ്ടു വരുന്ന ഏതു കള്ളനേയും സ്വീകരിച്ചേ മതിയാകൂ എന്നു ദൈവവചനം പറയുന്നുമില്ല. അതുകൊണ്ട് വ്യാജൻമാരെ തിരിച്ചറിയാനും ഒഴിവാക്കാനും ദൈവജനം ശ്രദ്ധിക്കണം. വിദേശത്തുള്ള ദൈവമക്കളെ ചൂഷണം ചെയ്യുന്നവരെ നിലയ്ക്കു നിർത്താൻ വേറെ വഴിയില്ല.

# സത്യം സത്യമായി

പശുവും ചത്തു, മോരിലെ പുളിയും പോയി എന്നു പറഞ്ഞതുപോലെയാണ് ലോകസഭാ തെരഞ്ഞെടുപ്പിന്റെ കാര്യം. തെരഞ്ഞെടുപ്പു ഫലവും വന്നു, അതിന്റെ ചൂടും പോയി. ഇനി ഈ വൈകിയ വേളയിൽ അതേപ്പറ്റി പറഞ്ഞിട്ടു കാര്യമില്ല. എങ്കിലും ചിലതു പറയാതെ പറ്റില്ല.

തോൽവി എന്നൊക്കെ പറഞ്ഞാൽ ഇങ്ങനെയുമുണ്ടോ ഒരു തോൽവി? വെറുതെ പൊട്ടുകയല്ല എട്ടു നിലയിൽ പൊട്ടുകയായിരുന്നു. ഇപ്പോൾ അതിന്റെ കാരണം ചികയുകയാണ്. എന്തിനാണപ്പാ ഇത്രയധികം ചികയുന്നത്? സംഗതി വ്യക്തമല്ലേ. അഹങ്കാരത്തിനും വേണം ഒരു അതിരൊക്കെ. പൊതുജനം കഴുതയാണെന്നതു ശരിതന്നെ. പക്ഷേ കഴുതയ്ക്കും ഇടയ്ക്കൊക്കെ ബുദ്ധിയുദിക്കും. അതിന്റെ ഫലമാണു കണ്ടത്.

മുഖ്യമന്ത്രിയെ വേട്ടയാടുന്നവർ ശ്രദ്ധിക്കുക: സാമാന്യ ജനത്തിന് ഇപ്പോഴും മുഖ്യമന്ത്രിയെ ഇഷ്ടമാണ്. അദ്ദേഹത്തിനു കൂച്ചുവിലങ്ങ് ഇടാൻ ശ്രമിക്കുന്നവരോടു പകയും. അത് അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും പ്രതിഫലിക്കും. അന്നും തോൽവിയുടെ കാരണം ആലോചിച്ചു തലപുകയ്ക്കും.

തോൽക്കാനായി ജനിച്ച ഷാനവാസ് ഇത്തവണ ജയിച്ചു. ഗിന്നസ്സ് ബുക്കുകാർ വിവരം അറിഞ്ഞുകാണുമെന്നു കരുതാം. പക്ഷേ കണ്ണൂരും തലശ്ശേരിയിലും പാർട്ടി തോറ്റത് അത്ഭുതം തന്നെ. പൊതുജനമെന്ന കഴുതയെ ഒരളവിലധികം കബളിപ്പിക്കാൻ പറ്റില്ലെന്നു വ്യക്തം.

ഇരുപതു മണ്ഡലങ്ങളിലും ഒറ്റക്കു മത്സരിച്ചു ശക്തി തെളിയിക്കുമെന്നാണ് എൻ.സി.പി പറഞ്ഞത്. പിന്നീട് എട്ടു മണ്ഡലമാക്കി. അതു വീണ്ടും താഴോട്ടു വന്നു. ഒടുവിലതു നാലായി. പറഞ്ഞതുപോലെ ശക്തി തെളിയിക്കുകയും ചെയ്തു. പുത്രൻജിക്ക് കെട്ടിവച്ച കാശുകിട്ടി. മറ്റുള്ളവർക്ക് അതുമില്ല. മൂവായിരം, നാലായിരം എന്നിങ്ങനെപോയി ലഭിച്ച വോട്ടിന്റെ കണക്ക്. വോട്ടുചോർച്ചയുണ്ടായി എന്നും അതേപ്പറ്റി അന്വേഷിക്കുമെന്നുമാണ് ഇപ്പോൾ പറയുന്നത്. ഉള്ളതേ ചോരൂ എന്ന സാമാന്യതത്ത്വം എൻ.സി.പി മറന്നു എന്നു തോന്നുന്നു. എൻ.സി.പിക്ക് കേരളത്തിൽ ആകെ മൊത്തം ടോട്ടൽ ഒരുലക്ഷം വോട്ടിൽ അധികമില്ല. ഒരു പാർലമെന്റ് മണ്ഡലത്തിൽ ശരാശരി അയ്യായിരം വോട്ട്. അതു കിട്ടിയിട്ടുമുണ്ടല്ലോ. പിന്നെ എവിടെയാണു ചോർന്നത്?

ഇടുക്കിയിൽ ഫ്രാൻസിസ് ജോർജ് തോക്കുമെന്ന് ആരും കരുതിയിരുന്നില്ല. അദ്ദേഹം മണ്ഡലത്തിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ പ്രശംസനീയമായിരുന്നു. പക്ഷേ വിമാനയാത്രയുടെ നാണക്കേടും ഇടതുപക്ഷത്തോടു കേരളത്തിൽ പൊതുവെയുണ്ടായ രോഷവും ചേർന്ന് ഫ്രാൻസിസ് ജോർജിന്റെ തോൽവിക്കു വഴിവച്ചു എന്നാണു തോന്നുന്നത്.

തോമസ് മാഷ് ജയിക്കുകയും മന്ത്രിയാകുകയും ചെയ്തു എന്നതു നേര്. പക്ഷേ അവസാന നിമിഷം വരെ വെള്ളം കുടിച്ച ശേഷമാണ് മാഷ് വിജയിച്ചത്. അതുകൊണ്ടുതന്നെ സിന്ധുവിന്റെ തോൽവി ഒരു തോൽവിയാണെന്നു പറയാനുമാവില്ല.

രണ്ടു ക്യാബിനറ്റ് മന്ത്രിമാരടക്കം ആറു മന്ത്രിമാരെ കേരളത്തിനു ലഭിച്ചിരിക്കുന്നു. അവർക്കൊക്കെ ലഭിച്ചിരിക്കുന്ന വകുപ്പുകളും മോശമല്ല. കേരളത്തിനു ഗുണം ചെയ്യാൻ ഇവർക്കു കഴിയുമെന്നു വ്യക്തം. പക്ഷേ ഡൽഹിയിലെത്തിയതോടെ ഇവർ കേരളത്തെ മറക്കുമോ ആവോ.

കോൺഗ്രസ്സ് സർക്കാരിന് ജനതാദൾ നിരുപാധിക പിൻതുണ നൽകിയതോടെ വീരന്റെയും കൂട്ടരുടേയും നല്ലകാലം തെളിഞ്ഞു എന്നു വ്യക്തം. ഇനി യു.ഡി.എഫിലേക്കു കയറുന്നതിന് തടസ്സമൊന്നുമില്ല. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് വിജയിക്കും. അക്കൂട്ടത്തിൽ ദളിനും കുറെ എം.എൽ.എമാരെ ലഭിക്കും. മന്ത്രിസ്ഥാനവും ഉറപ്പ്. പക്ഷേ ഇടതുപക്ഷത്തു പാറപോലെ ഉറച്ചു നിൽക്കുന്നവരുടെ കാര്യമാണു കഷ്ടം. ജോസ് തെറ്റയിൽ മന്ത്രിയായേക്കാം. മാത്യു പി. തോമസിന് അതുമില്ല. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് തോൽക്കുന്ന കൂട്ടത്തിൽ ഇവരും തോൽക്കും. അതോടെ കഴിഞ്ഞു കഥ.

പി.ഡി.പിയുടെ കാര്യം അതിലും കഷ്ടമാണ്. എങ്ങനെയെങ്കിലും ഇടതുമുന്നണിയിൽ കയറിപ്പറ്റാം എന്ന മോഹത്തോടെയാണ് ഈ കോപ്രായങ്ങളൊക്കെ കാണിച്ചത്. ഇപ്പോഴിതാ പരാജയത്തിന്റെ കാരണങ്ങളിലൊന്ന് പി.ഡി.പി. ബന്ധമാണെന്നു വല്ല്യേട്ടൻ പറയുന്നു. കുഞ്ഞേട്ടൻ അതു പണ്ടേ പറഞ്ഞതുമാണ്. ഒരു നല്ല വാക്കു പറയാൻ ആളില്ല. ഇനി എന്തു ചെയ്യും?

മൂന്നാം മുന്നണി, നാലാം മുന്നണി തുടങ്ങിയ സാധനങ്ങൾ എവിടെപ്പോയെന്ന് ഒരു പിടിയും കിട്ടുന്നില്ല. തെരഞ്ഞെടുപ്പടുക്കുമ്പോൾ ഇങ്ങനെ ചിലതൊക്കെ തട്ടിക്കൂട്ടി ജനത്തെ വിഡ്ഢികളാക്കാമെന്ന മോഹം ഇനിയെങ്കിലും ഉപേക്ഷിക്കുകയാണു നല്ലത്. ഏതായാലും ഈ മുന്നണിക്കാർ ഇപ്പോൾ മിണ്ടുന്നതേയില്ല.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

അത്തിവൃക്ഷം തളിർക്കുകയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകുകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായ്പ്പോകും; നിലങ്ങൾ ആഹാരം വിളയിക്കുകയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽനിന്ന് നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കുകയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. (ഹബ.3:17-18).

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

**OR www.tsbalan.org**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
**വിലാസം:**
റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

# ഇല്ലാത്ത യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് നൽകിയെന്ന്

ഇല്ലാത്ത യൂണിവേഴ്സിറ്റിയിൽ നിന്നു ഡോക്ടറേറ്റ് നേടാൻ കഴിയുമോ? കഴിയും. പെന്തക്കോസ്ത് എന്ന വെള്ളരിക്കാപ്പട്ടണത്തിൽ ഇതും ഇതിൽ അധികവും നടക്കും. സംശയമുള്ളവർ ഹാലേലൂയ്യാ ദൈ്വവാരികയുടെ മെയ് 15 ലക്കം നോക്കുക.

രണ്ടാം പേജിൽ ''ആദരിച്ചു'' എന്ന തലക്കെട്ടോടെ ഒരു വാർത്തയുണ്ട്. വാർത്ത ഇങ്ങനെ: ''കുമളി: ട്രൂത്ത് യൂണിവേഴ്സിറ്റിയിൽ നിന്നും ഗവേഷണ പഠനത്തിൽ ഡോക്ടറേറ്റ് ലഭിച്ച പാസ്റ്റർ പി.എസ്. ജേസുദാസിനെ കുമളി പാസ്റ്റേഴ്സ് ഫെഡറേഷൻ ആദരിച്ചു. പാസ്റ്റർമാരായ പി.റ്റി.മാത്യു, ഈപ്പൻ ഫിലിപ്പ്, ബിജു ഇടക്കര, പി.സി.മാത്യു, ബിജു ചാക്കോ, മനോജ് ജോർജ്, ബാബു എസ് എന്നിവർ പ്രസംഗിച്ചു.'' ഇതുമായി ബന്ധപ്പെട്ട് ഒരു പരസ്യം 12-ാം പേജിലുണ്ട്. ഡോക്ടറേറ്റ് കിട്ടിയ ചങ്ങാതിയുടെ ഫോട്ടോ സഹിതമാണു പരസ്യം. ഇയാൾ ഐ.പി.സിയിലെ പാസ്റ്ററാണെന്നും യരുശലേമിലാണ് ട്രൂത്ത് യൂണിവേഴ്സിറ്റിയെന്നും ഡോക്ടർ ഓഫ് ട്രൂത്ത് (Ph.D.) ആണു ലഭിച്ചതെന്നും പരസ്യത്തിൽ നിന്നു മനസ്സിലായി. യരുശലേമിൽ ട്രൂത്ത് യൂണിവേഴ്സിറ്റി എന്നൊരു സ്ഥാപനം ഉണ്ടോ എന്നു ഡിഫെൻഡർ അന്വേഷിച്ചു. കിട്ടിയ വിവരം ഇതാണ്: യിസ്രായേലിൽ ആകെ എട്ടു യൂണിവേഴ്സിറ്റികളുണ്ട്. അവയുടെ പേരുകൾ: Bar Ilan University, Ben-Gurion University, Hebrew University, Open University of Israel, Technion University, Tel-Aviv University, University of Haifa, Weizmann Institute. ട്രൂത്ത് യൂണിവേഴ്സിറ്റി എന്നൊരു സാധനമില്ല. അപ്പോൾ മേല്പടി ചങ്ങാതിക്കു ഡോക്ടറേറ്റ് കിട്ടിയിരിക്കുന്നത് ഇല്ലാത്ത യൂണിവേഴ്സിറ്റിയിൽ നിന്നാണ്. (എന്തിശയമേ ....... ഗ്ലോറി).

## രണ്ടുപേർ ശരിയുത്തരം പറഞ്ഞു

''വിശ്വസിച്ചാലും ഇല്ലെങ്കിലും'' എന്ന തലക്കെട്ടിൽ കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ ഒരു കുറിപ്പു പ്രസിദ്ധീകരിച്ചിരുന്നല്ലോ. പണം കൊടുത്തിട്ടു വാങ്ങാതിരുന്ന ഒരു ദൈവദാസനേക്കുറിച്ചാണ് അതിൽ എഴുതിയിരുന്നത്. ആരാണ് ആ ദൈവദാസൻ എന്ന് ഊഹിച്ചു പറയുന്നവർക്ക് ഒരു വർഷത്തേക്കു ഡിഫെൻഡർ സൗജന്യമായി അയച്ചു കൊടുക്കുമെന്നും പറഞ്ഞിരുന്നു.

രണ്ടുപേർ ശരിയുത്തരം പറഞ്ഞു എന്നു സന്തോഷത്തോടെ അറിയിക്കട്ടെ. ഒരാൾ ഈമെയിലിലാണ് ഉത്തരം അയച്ചത്. അദ്ദേഹത്തിനും ഇതുപോലൊരു അനുഭവമുണ്ടായി. അതുകൊണ്ടാണ് ആളെ തിരിച്ചറിയാൻ കഴിഞ്ഞത്. ഈ ദൈവദാസന് ഇദ്ദേഹവും നല്ലൊരു തുക കൊടുത്തെങ്കിലും വാങ്ങിയില്ല. ഇങ്ങനെയുള്ള ഒരാളെ മാത്രമേ കണ്ടിട്ടുള്ളൂ എന്നും അദ്ദേഹം അറിയിച്ചു. വയനാട്ടിൽ നിന്ന് ഒരാൾ ഫോണിലും ശരിയുത്തരം അറിയിച്ചു. ഡിഫെൻഡറിൽ എഴുതിയതിനു സമാനമായ ഒരു അനുഭവം മറ്റൊരാൾ പറഞ്ഞ് അറിഞ്ഞിരുന്നു. ആ സംഭവത്തിലെ ദൈവദാസൻതന്നെയാകും ഇത് എന്ന് അദ്ദേഹം ഊഹിച്ചു. ഊഹം തെറ്റിയതുമില്ല. ആരാണ് ഈ ദൈവദാസൻ? എന്റെ മകന്റെ മരണവിവരം അറിഞ്ഞ് അദ്ദേഹം എന്നെ സന്ദർശിക്കാൻ എത്തിയിരുന്നു. അപ്പോഴാണ് ഞാൻ ഡിഫെൻഡറിൽ അദ്ദേഹത്തേക്കുറിച്ച് എഴുതിയ വിവരം അറിഞ്ഞത്. പക്ഷേ തന്റെ പേരു വെളിപ്പെടുത്തരുത് എന്ന് അദ്ദേഹം അപേക്ഷിച്ചു. അദ്ദേഹത്തിന്റെ അനുവാദം കൂടാതെ പെരു വെളിപ്പെടുത്തുന്നതു ശരിയല്ല എന്ന് എനിക്കും തോന്നുന്നു. അതുകൊണ്ട് ആ പേര് രഹസ്യമാക്കി വയ്ക്കുന്നു. ദ്രവ്യാഗ്രഹികളായ പാസ്റ്റർമാർ നിറഞ്ഞ പെന്തക്കോസ്തിൽ ഇങ്ങനെയും ചിലരുണ്ട് എന്നു മാത്രം പറഞ്ഞു കൊണ്ട് ഈ വിഷയം അവസാനിപ്പിക്കുകയാണ്.

## 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.

വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുറിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542. Phone: 0484-3232356. Mob: 96564 32921**

# കള്ളുതോമ്മാ ശാന്തനാണ്

കള്ളുതോമ്മാ കഴിഞ്ഞ രണ്ടാഴ്ചയായി ശാന്തനാണ്. ഭീഷണിയും അസഭ്യവർഷവും നഹി. ഇതൊന്നും ഡിഫെൻഡറിന്റെ അടുക്കൽ വിലപ്പോകില്ല എന്നു ബോദ്ധ്യമായിരിക്കാം. എങ്കിലും ഉറപ്പു പറയാറായിട്ടില്ല. അതുകൊണ്ട് ഈ ലക്കത്തിലും തോമ്മായേക്കുറിച്ച് എഴുതുകയാണ്. പ്രതികരിക്കുമോ എന്നു നോക്കാം. മിണ്ടുന്നില്ലെങ്കിൽ അടുത്ത ലക്കത്തോടെ തോമ്മായെ വെറുതെ വിടാം.

കള്ളുതോമ്മായ്ക്ക് ഈ മഹത്തായ നാമധേയം എങ്ങനെ ലഭിച്ചു എന്നാണു പറയാൻ പോകുന്നത്. ഈ മാന്യദേഹത്തിന് കെ.എസ്.ആർ.റ്റി.സിയിലായിരുന്നു ജോലി. പണിയെല്ലാം കഴിഞ്ഞാൽ കള്ളുകുടി നിർബ്ബന്ധം. കള്ളുകുടിച്ചാൽ വീട്ടിലെത്തില്ല. ഷാപ്പിലോ ഓടയിലോ കിടന്നുറങ്ങും. അങ്ങനെയിരിക്കെ ഈ വിദ്വാൻ റാന്നിയിലുള്ള ഒരു ഷാപ്പിലെ സ്ഥിരം പറ്റുപടിക്കാരനായി. ഷാപ്പുടമ ഒരു മക്കുണനാണ്. അതുകൊണ്ട് ഭാര്യയാണു ഭരണം. തോമ്മാ കള്ളുകുടിയും കഴിഞ്ഞ് ഷാപ്പിൽ കിടന്നുറങ്ങും. കൂട്ടിന് ഷാപ്പുകാരന്റെ ഭാര്യയും. കാലക്രമത്തിൽ ഈ കഥ നാട്ടിൽ പാട്ടായി. അങ്ങനെയാണ് വെറും തോമ്മാ കള്ളുതോമ്മാ ആയിത്തീർന്നത്.

# മോനായി വാപസ് ആഗയാ



മോനായി കണ്ണുനീരും കൈയ്യുമായി തിരിച്ചെത്തി. മഹാകപിയായ സൂസൻ ബി. ജോണിന്റെ കൃപകൊണ്ട് വണ്ടിക്കൂലി കിട്ടി. ഭാഗ്യം.

മോനായിയുടെ ആദ്യ അമേരിക്കൻ പര്യടനം കഴിഞ്ഞിട്ട് ഏതാനും മാസങ്ങളേ ആയുള്ളൂ. അതിനിടയിൽ ദ്രവ്യാഗ്രഹം മൂത്തു. ഉടൻ രണ്ടാമതും യാത്ര പുറപ്പെട്ടു. സ്ഥിരം കക്ഷികളായ എം.എസ്.സാമുവൽ, സൂസൻ, സണ്ണി താഴാംപള്ളം തുടങ്ങിയവരുടെ അടുക്കൽ ചെന്നു. കുറെ നക്കാപ്പിച്ചയൊക്കെ കിട്ടുകയും ചെയ്തു. അതോടെ വഴിമുട്ടി.

മോനായിയുടെ കഥ വിശദമായി ഡിഫെൻഡർ ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അതു വായിച്ചവരാരും മോനായിയെ ഏഴയലത്ത് അടുപ്പിച്ചില്ല. ഡാളസ്സിലും ഒക്ലഹോമയിലും ചുറ്റിക്കറങ്ങിയെങ്കിലും കാര്യമായ ഫലമുണ്ടായില്ല. ഒടുവിൽ, പോകാൻ ഒരു സ്ഥലമില്ല എന്ന സ്ഥിതിയുമുണ്ടായി. അതോടെ യാത്ര മതിയാക്കി മടങ്ങി. കഷ്ടിച്ചു രണ്ടുമാസം മാത്രമേ ഇത്തവണ അമേരിക്കയിൽ തങ്ങിയുള്ളൂ.

# ബഥേലിനു വെളിപ്പാടു ശരണം



സാധുക്കളെ കബളിപ്പിക്കുന്ന കാര്യത്തിൽ ബഥേലിനെ വെല്ലാൻ ആളില്ല. ഏതു വിദ്യ പ്രയോഗിച്ചാൽ ഫലിക്കുമെന്ന് ഇയാൾക്കറിയാം. ഇപ്പോൾ വെളിപ്പാടാണ് മുഖ്യ ആയുധം.

ഇതു സാമ്പത്തിക മാന്ദ്യത്തിന്റെ കാലമായതുകൊണ്ട് ബഥേൽ ബുദ്ധിപൂർവ്വമായി പ്രവചിക്കും. ജോലി ചെയ്യുന്നവരോടുള്ള പ്രവചനം ഈ വിധത്തിലാണ്: ''നിങ്ങളുടെ ജോലി സംബന്ധമായി ചില പ്രശ്നങ്ങൾ ഉണ്ടാകാൻ പോകുന്നു. എങ്കിലും പേടിക്കേണ്ട. ഞാൻ പ്രാർത്ഥിക്കുന്നുണ്ട്.'' ബിസിനസ്സുകാരോടുള്ള പ്രവചനം ഇങ്ങനെയാണ്: ''ബിസിനസ്സിൽ ചില പ്രശ്നങ്ങളുണ്ടാകാൻ പോകുന്നു. എങ്കിലും ഞാൻ പ്രാർത്ഥിക്കുന്നുണ്ട്.''

ഒരു പ്രശ്നവുമുണ്ടായില്ലെങ്കിൽ ബഥേൽ പറയും: ''വലിയൊരു പ്രശ്നം വന്നതാണ്. പക്ഷേ ഞാൻ ഉപവസിച്ചു പ്രാർത്ഥിച്ചു. അതുകൊണ്ട് ആ പ്രശ്നം മാറിപ്പോയി.'' വിശ്വസിക്കയല്ലേ തരമുള്ളൂ. ചെറിയൊരു പ്രശ്നമുണ്ടായാൽ ബഥേൽ ജയിച്ചു: ''കണ്ടോ, ഞാൻ പറഞ്ഞതല്ലേ.'' വലിയ പ്രശ്നമുണ്ടായി ജോലി നഷ്ടമാകുകയോ ബിസിനസ്സ് പൊളിയുകയോ ചെയ്താൽ സംഗതി കൂടുതൽ ജോറാകും. ''അന്നേ ഞാൻ പറഞ്ഞതാ. ഞാൻ ഉപവാസമെടുത്ത് പ്രാർത്ഥിക്കയും ചെയ്തു. പക്ഷേ നിങ്ങൾ വേണ്ടത്ര പ്രാർത്ഥിച്ചില്ല. അതുകൊണ്ടാണു വിടുതൽ കിട്ടാതിരുന്നത്.'' ചുരുക്കത്തിൽ, എന്തുതന്നെ സംഭവിച്ചാലും ബഥേലിനു കുശാലാകും. ജീവിക്കുന്ന ദൈവത്തിന്റെ ദാസനാണു ബഥേൽ എന്ന് ഏവരും സമ്മതിച്ചുപോകും.

# വളഞ്ഞവട്ടനു സന്തോഷമായി

റ്റി.എസ്.ബാലന്റെ മകൻ മരിച്ചു എന്നറിഞ്ഞപ്പോൾ വളഞ്ഞവട്ടൻ തുള്ളിച്ചാടി. ഉടൻ ഫോണെടുത്ത് എല്ലാവരേയും വിവരമറിയിച്ചു. ''കണ്ടോ, എന്നേക്കുറിച്ച് എഴുതാൻ തുടങ്ങിയതേയുള്ളൂ. അപ്പോൾ തന്നെ ദൈവം അവനു കൊടുത്തു.'' അതായത് ഞാൻ എത്ര വിശുദ്ധനെന്നു നോക്കുവിൻ. എന്നോടു കളിച്ചാൽ ഇങ്ങനെയിരിക്കും. വളഞ്ഞവട്ടം എ.ജിയുടെ പാസ്റ്ററും പ്രസ്ബിറ്ററും ടി.ജെ.ശാമുവലിന്റെ സഹോദരിയുടെ പുത്രനുമായ ജോൺസൺ വില്ല്യം എന്ന പരമ വ്യഭിചാരിയേക്കുറിച്ചാണു പറഞ്ഞു വരുന്നതെന്നു കഴിഞ്ഞലക്കം ഡിഫെൻഡർ വായിച്ചവർക്കു മനസ്സിലായിരിക്കുമല്ലോ. ഇവനേപ്പോലുള്ള ഇരുകാലി മൃഗങ്ങൾക്കെതിരെ എഴുതുമ്പോൾ കോപിക്കുന്ന ദൈവം കർത്താവായ യേശുക്രിസ്തുവല്ല എന്നു തീർച്ച.

ഒക്ടോബർ 17ന് വളഞ്ഞവട്ടത്തു സഭായോഗം ആരംഭിച്ചത് ഉച്ചയ്ക്കാണ്. അതുവരെ പ്രശ്നം തീർക്കലായിരുന്നു. സഭയിലുള്ള ഒരു വിധവയോട് ഇയാൾ ഹീനമായ ഭാഷയിൽ ലൈംഗികാഭ്യർത്ഥന നടത്തുകയും അവരുടെ വീട്ടിൽ അർദ്ധരാത്രിക്കു പോകുകയും മറ്റും ചെയ്തു. തന്റെ ഇംഗിതത്തിന് ആ വിധവ തയ്യാറാകുന്നില്ലെന്നു കണ്ടപ്പോൾ ജോൺസൺ അവരെ സഭയിൽ നിന്നു പുറത്താക്കി. പക്ഷേ സംഭവം പുറത്തറിഞ്ഞതോടെ പ്രശ്നമായി. ഈ പ്രശ്നമാണ് പറഞ്ഞു തീർത്തത്. ജോൺസൺ ക്ഷമ പറയുകയും വിധവയെ സഭയിൽ തിരിച്ചെടുക്കുകയും ചെയ്തു. (ഇതാണു കക്ഷിയുടെ കൈയ്യിലിരുപ്പ്).



# നല്ലതും ഏറെ നല്ലതും

ഇക്കാലത്തു പ്രചാരത്തിലുള്ള ദുരുപദേശങ്ങളിൽ ഏറ്റവും ഗുരുതരമായത് ഏത് എന്നു ചോദിച്ചാൽ രണ്ടുവട്ടം ആലോചിക്കാതെ മറുപടി പറയാം: സമൃദ്ധിയുടെ സുവിശേഷം. സാധുക്കളായ ദൈവമക്കളെ കുരുക്കിൽ അകപ്പെടുത്താൻ ഈ ദുരുപദേശത്തിനുള്ളത്ര ശക്തി മറ്റൊന്നിനുമില്ല. ഈ കുരുക്കിൽ അകപ്പെട്ടാൽ രക്ഷപ്പെടാനും പ്രയാസം.

ക്രൂശിക്കപ്പെട്ട യേശുവിൽ ഇവർക്കു വിശ്വാസമില്ല. ക്രൂശ് പരാജയത്തിന്റെ പ്രതീകമാണെന്നത്രേ ഇവർ പറയുന്നത്. ക്രൂശിൽ കിടക്കുന്ന യേശു സാത്താന്റെ മുൻപിൽ തോറ്റു കിടക്കുകയാണ്. തുടർന്നുള്ള മൂന്നു ദിവസം മുഴുവൻ സാത്താൻ യേശുവിനെ പീഡിപ്പിക്കയായിരുന്നു. അങ്ങനെ ക്രൂശിലും പാതാളത്തിലുമായി പീഡ അനുഭവിച്ചു കിടന്ന യേശു സാത്താന്റെ മുൻപിൽ പരാജയപ്പെടുകയായിരുന്നു. അതുകൊണ്ട് ക്രൂശിക്കപ്പെട്ട യേശുവിൽ വിശ്വസിക്കയോ ക്രൂശിക്കപ്പെട്ട യേശുവിനെ പ്രസംഗിക്കയോ ചെയ്യരുത്. ഉയിർത്തെഴുന്നേറ്റ യേശു വിജയത്തിന്റെ പ്രതീകമാണ്. ഈ യേശുവിലാണു വിശ്വസിക്കേണ്ടത്. ഇതാണ് സമൃദ്ധിയുടെ സുവിശേഷക്കാർ പ്രചരിപ്പിക്കുന്നത്. ഇതു കൊടിയ ദുരുപദേശമാണെന്നതിനു രണ്ടുപക്ഷമില്ല. സാത്താനാണ് ഈ ഉപദേശത്തിന്റെ പിന്നിൽ എന്നതും തീർച്ചതന്നെ.

പാളയത്തിനു പുറത്ത് കഷ്ടം സഹിച്ച യേശുവിനെ ഇവർ പ്രസംഗിക്കുകയില്ല. വിശ്വാസിക്കു കഷ്ടതയുണ്ടാകുകയില്ല എന്നാണ് ഇവരുടെ പഠിപ്പിക്കൽ. രോഗം, ദു:ഖം, അപകടം, പട്ടിണി, അകാലമരണം തുടങ്ങിയതൊന്നും വിശ്വാസിക്ക് ഉണ്ടാകുകയില്ലത്രേ. യേശുവിൽ വിശ്വസിക്കുന്നതോടെ നല്ലകാലം ആരംഭിക്കുകയായി. രോഗങ്ങളെല്ലാം മാറും. സാമ്പത്തികമായ ഉയർച്ചയുണ്ടാകും. കൊട്ടാരം പോലുള്ള വീട്, വിലകൂടിയ കാറ്, ആവശ്യത്തിലധികം പണം തുടങ്ങിയതെല്ലാം ഒഴുകിയെത്തും. സുഖമേ മായം.

ദൈവവചനം എന്തു പറയുന്നു? വിശ്വാസത്തിന്റെ മഹത്വം വർണ്ണിക്കുന്നതിനിടയിൽ എബ്രായ ലേഖന കർത്താവ് ഇപ്രകാരം പറയുന്നു: ''വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി, നീതി നടത്തി, വാഗ്ദത്തം പ്രാപിച്ചു, സിംഹങ്ങളുടെ വായ് അടച്ചു, തീയുടെ ബലം കെടുത്തു, വാളിന്റെ വായ്ക്കു തെറ്റി, ബലഹീനതയിൽ ശക്തി പ്രാപിച്ചു, യുദ്ധത്തിൽ വീരൻമാരായ് ത്തീർന്നു, അന്യൻമാരുടെ സൈന്യങ്ങളെ ഓടിച്ചു. സ്ത്രീകൾക്കു തങ്ങളുടെ മരിച്ചവരെ ഉയർത്തെഴുന്നേല്പിനാൽ തിരികെ കിട്ടി.''

സംഗതി ആകെക്കൂടി ഗംഭീരം. സമൃദ്ധിയുടെ സുവിശേഷകർ ഈ ഭാഗങ്ങൾ വായിച്ച് അലറുകയും സ്റ്റേജിലൂടെ ഓടുകയും നിലത്തു ചവിട്ടുകയും മറ്റും ചെയ്യും. ശ്രോതാക്കൾ ഹാലേലൂയ്യാ പറയും.

ഇതു ദൈവവചനമല്ലേ? തീർച്ചയായും ദൈവവചനമാണ്. ഈ പറയുന്നതൊക്കെ അക്ഷരാർത്ഥത്തിൽ നടന്നതല്ലേ? തീർച്ചയായും അതെ. പിന്നെന്താണു കുഴപ്പം? ഇതൊക്കെ മാത്രമാണു ദൈവവചനം എന്നു ധരിക്കുന്നതാണു കുഴപ്പം. ചിലർ വിശ്വാസത്താൽ സിംഹങ്ങളുടെ വായടച്ചു. ചിലർ തീയുടെ ബലം കെടുത്തി. വാളിന്റെ വായ്ക്കു തെറ്റി. ബലഹീനതയിൽ ശക്തി പ്രാപിക്കയും ചെയ്തു. ഇതൊക്കെ വിശ്വാസത്താൽ സാധിച്ചതുതന്നെ. പക്ഷേ വിശ്വസിക്കുന്നവർക്ക് ഇത്തരം അനുഭവങ്ങൾ മാത്രമേ ഉണ്ടാകൂ എന്നു ധരിക്കരുത്. ഇതിനു വിപരീതമായ അനുഭവങ്ങളും ഉണ്ടാകാം. വിശ്വാസക്കുറവുകൊണ്ടല്ല ഈ വിപരീത അനുഭവങ്ങൾ ഉണ്ടാകുന്നത് എന്നതും ശ്രദ്ധേയമാണ്. അവർ കൂടുതൽ നല്ലതു കാംക്ഷിച്ചതുകൊണ്ടാണ് ഇത്തരം അത്ഭുതങ്ങൾ വേണ്ടെന്നു വച്ചത്. എബ്രായ ലേഖനക്കാരൻ തുടരുന്നു: ''മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയർത്തെഴുന്നേല്പു ലഭിക്കേണ്ടതിന് ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു. വേറെ ചിലർ പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ് ഇവയാലുള്ള പരീക്ഷ അനുഭവിച്ചു. കല്ലേറ് ഏറ്റു, ഈർച്ചവാളാൽ അറുക്കപ്പെട്ടു, പരീക്ഷിക്കപ്പെട്ടു, വാളാൽ കൊല്ലപ്പെട്ടു, ജടയാടുകളുടെയും കോലാടുകളുടെയും തോൽ ധരിച്ചു, ബുദ്ധിമുട്ടും ഉപദ്രവവും കഷ്ടവും സഹിച്ചു, കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു; ലോകം അവർക്കു യോഗ്യമായിരുന്നില്ല. അവർ എല്ലാവരും വിശ്വാസത്താൽ സാക്ഷ്യം ലഭിച്ചിട്ടും വാഗ്ദത്തനിവൃത്തി പ്രാപിച്ചില്ല.''

സമൃദ്ധിയുടെ സുവിശേഷക്കാരാരും ഈ വാക്യങ്ങൾ പ്രസംഗിച്ചിട്ടുള്ളതായി അറിവില്ല. സിംഹത്തിന്റെ വായടയ്ക്കുന്നതു വിശ്വാസിയുടെ ലക്ഷണം. സിംഹത്തിനു ഭക്ഷണമായിത്തീരുന്നത് അവിശ്വാസത്തിന്റെ ഫലം. ഇതാണ് സമൃദ്ധിയുടെ സുവിശേഷക്കാർ പഠിപ്പിക്കുന്നത്. പക്ഷേ അതല്ല ദൈവവചനം പറയുന്നത്. രണ്ടാമതു വിവരിക്കുന്ന അനുഭവം പ്രാപിച്ചവർ ഏറെ നല്ലതു തിരഞ്ഞെടുക്കുകയായിരുന്നു. അവർ ഏറെ വിശ്വാസമുള്ളവരായിരുന്നു. പക്ഷേ അവർക്ക് ഈ ലോകം യോഗ്യമായിരുന്നില്ല. അതുകൊണ്ട് ഭൂമിയിലെങ്ങും ഉഴന്നു നടക്കേണ്ടതായിവന്നു.

ദൈവമക്കൾ വഞ്ചിക്കപ്പെടരുത്. വിശ്വാസത്താൽ തീയുടെ ബലം കെടുത്തത് നല്ലകാര്യം തന്നെ. പക്ഷേ അതിനു തുനിയാതെ ആ തീയിൽ വെന്തു വെണ്ണീറായത് അവിശ്വാസം മൂലമല്ല ഏറെ വിശ്വാസമുള്ളതുകൊണ്ടാണ്. ഏറെ നല്ലതു തിരഞ്ഞെടുത്തവരാണ് ഉദ്ധാരണം കൈക്കൊള്ളാതെ കഷ്ടം സഹിച്ചത്.

സമൃദ്ധിയുടെ സുവിശേഷം തകർന്നു വീഴുന്ന കഥയാണ് ധനവാന്റേയും ലാസറിന്റേയും അനുഭവം. സമൃദ്ധിയുടെ സുവിശേഷക്കാർ പറയുന്ന, സകല ലക്ഷണങ്ങളും തികഞ്ഞ, അനുഗ്രഹിക്കപ്പെട്ടവനാണ് ആ ധനവാൻ. ശപിക്കപ്പെട്ടവന്റെ സകല ലക്ഷണവും ലാസറിനുണ്ട്. പക്ഷേ ആരായിരുന്നു അനുഗ്രഹിക്കപ്പെട്ടവൻ? ധനവാനോ? അല്ല, മാറാവ്യാധിക്കാരനായ ആ പരമ ദരിദ്രൻ. ലോകം അവനു യോഗ്യമായിരുന്നില്ല. സമൃദ്ധിയുടെ സുവിശേഷകരാരും ഈ കഥ പ്രസംഗിച്ചതായി അറിവില്ല. ഇനി പ്രസംഗിക്കുകയുമില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** സോണിയ ഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് വീണ്ടും അധികാരത്തിലെത്തിയതുകൊണ്ട് ആഞ്ഞലിക്കയുടെ പ്രവചനം ദൈവീകമാണെന്നു തെളിയുന്നു എന്നും മറ്റും ചിലർ പ്രചരിപ്പിക്കുന്നു. ഇതിന്റെ അടിസ്ഥാനം എന്താണ്?

■ ശുദ്ധ വിവരക്കേടാണീ പറയുന്നതൊക്കെ. സോണിയയും കോൺഗ്രസ്സും അധികാരത്തിലെത്തിയത് ബൈബിളുമായി ഒരു വിധത്തിലും ബന്ധമുള്ള കാര്യമല്ല. ബൈബിൾ വ്യാഖ്യാനിക്കേണ്ടത് എങ്ങനെ എന്നറിഞ്ഞുകൂടാത്ത കുറെ വിഡ്ഢികൾ ചില വാക്യങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് കാടുകയറുകയാണ്.

എന്താണ് ആഞ്ഞിലിക്കായുടെ പ്രവചനം? ഫറവോൻ കണ്ട സ്വപ്നത്തിനു പുതിയ വ്യാഖ്യാനം കൊടുക്കുകയാണിവർ. അന്ന് ഏഴു വർഷം സമൃദ്ധിയുണ്ടായതുപോലെ 2007-14 കാലത്ത് ഇന്ത്യയിൽ സുവിശേഷത്തിന് ഏറ്റവും അനുകൂലമായ സ്ഥിതിയുണ്ടാകും. തുടർന്ന് ഏഴു വർഷം ദാരിദ്ര്യമുണ്ടായതുപോലെ 2004-20 കാലത്ത് ക്രിസ്ത്യാനികൾക്കു പീഡയുണ്ടാകും. 2020 ആകുന്നതോടെ ഇന്ത്യ ക്രിസ്ത്യാനികൾക്കു വലിയ ഭൂരിപക്ഷമുള്ള രാഷ്ട്രമായി മാറും. ഇങ്ങനെയൊക്കെ വ്യാഖ്യാനിക്കാൻ ഊളമ്പാറയിലുള്ള വിദ്വാൻമാർക്കേ ധൈര്യമുണ്ടാകൂ. പക്ഷേ ടി.ജെ.ശാമുവൽ ഉൾപ്പെടെയുള്ള കഴുതകൾ ഇതൊക്കെ വേദവാക്യമായി കൊണ്ടുനടക്കുന്നു.

അന്നു ഫറവോൻ കണ്ട സ്വപ്നം അക്കാലത്തുതന്നെ ഈജിപ്തിൽ നിറവേറി. നാലായിരത്തോളം വർഷം കഴിഞ്ഞ് ഈ പ്രവചനത്തിന് ഇന്ത്യയിൽ ഒരു നിവൃത്തിയുണ്ടെന്ന് പ്രത്യക്ഷമായോ പരോക്ഷമായോ ബൈബിൾ പറയുന്നില്ല. എങ്കിലും മഠത്തിലമ്മ പറഞ്ഞു, ടി.ജെ.ശാമുവൽ ഉൾപ്പെടെയുള്ളവർ അംഗീകരിച്ചു.

ടി.ജെ.ശാമുവൽ എന്തുകൊണ്ട് ഈ വിഡ്ഢിത്തം അംഗീകരിച്ചു. ചില വർഷങ്ങൾക്കു മുൻപ് ടി.ജെ.ശാമുവലിനെ ഒരു ദുരാത്മാവു ബാധിച്ചു. അക്കാലത്ത് ഇതിനോടു സാമ്യമുള്ള ഒരു പ്രവചനം ടി.ജെ.ശാമുവൽ നടത്തി. എ.ഡി. 2020 ആകുമ്പോഴേക്കും ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമായി മാറും എന്നായിരുന്നു ആ പ്രവചനം. കുറേക്കാലം ടി.ജെ ഈ പ്രവചനവും പ്രസംഗിച്ച് നടന്നെങ്കിലും അതു വിശ്വസിക്കാൻ ആളുണ്ടായില്ല. അങ്ങനെയിരിക്കെയാണ് ടി.ജെ ശാമുവലിനെ ബാധിച്ചതുപോലുള്ള ഭൂതവുമായി ആഞ്ഞിലിക്കാ എത്തിയത്. ടി.ജെയ്ക്ക് സന്തോഷമായി. അങ്ങനെയാണ് ടി.ജെ. ശാമുവൽ അഞ്ഞിലിക്കയുടെ പ്രവചനത്തിന്റെ പ്രചാരകനായത്.

എസ്ഥേറിന്റെ പുസ്തകവുമായി ബന്ധപ്പെടുത്തിയാണ് മറ്റു ചില കഴുതകളുടെ വ്യാഖ്യാനം. അഹശ്വേരോശ് രാജാവ് ഇന്ത്യ മുതൽ എത്യോപ്യവരെയുള്ള പ്രദേശം ഭരിച്ചു എന്നതു ശരിതന്നെ. എസ്ഥേർ എന്ന യഹൂദസ്ത്രീയെ അദ്ദേഹം വിവാഹം കഴിക്കയും ചെയ്തു. അതുകൊണ്ടെന്താ?

തലയുടെ രണ്ടോ മൂന്നോ പിരി ഇളകിയവർക്ക് ഇത്രയുമൊക്കെ കിട്ടിയാൽ വ്യാഖ്യാനം തുടങ്ങാം. എസ്ഥേറിന്റെ പുസ്തകത്തിൽ ഇന്ത്യ എന്നുള്ളതുകൊണ്ട് ഇത് ഇന്ത്യയേക്കുറിച്ചുള്ള പ്രവചനമാണത്രേ. ഇവിടെ പ്രവചനമേ ഇല്ലല്ലോ എന്നൊന്നും പറഞ്ഞിട്ടു ഫലമില്ല. കാരണം പിരി ഇളകി കിടക്കുകയാണല്ലോ. അഹശ്വേരോശ് രാജാവ് ഇന്ത്യയുടെ മുൻപ്രധാനമന്ത്രിയായ രാജീവ് ഗാന്ധിയാണ്. യഹൂദസ്ത്രീ രാജ്ഞിയായതുപോലെ ഇറ്റലിക്കാരിയായ സോണിയ ഇന്ത്യയിലെ ചക്രവർത്തിയുടെ മണവാട്ടിയായി എത്തി. എസ്ഥേർ സ്വന്തം ജനത്തിന്റെ രക്ഷക്കു കാരണമായതുപോലെ സോണിയ സ്വന്തം ജനമായ ക്രിസ്ത്യാനികളുടെ രക്ഷക്കു കാരണമാകും. എപ്പടി? (എന്റമ്മോ....).

ഏതോ വിവരദോഷികളാണ് ഇതൊക്കെ പറഞ്ഞു നടക്കുന്നതെന്നു കരുതരുത്. നല്ല വിദ്യാഭ്യാസമുള്ള ചിലരാണ് ഈ വണക്കമാസപ്പുതുമയുടെ പ്രചാരകർ. ഇവന്റെയൊക്കെ ഉള്ളിൽ ഭൂതമുണ്ടെന്നു പറയുന്നത് ഭൂതങ്ങൾക്കുപോലും നാണക്കേടാണ്. കാരണം, ഭൂതങ്ങൾ പോലും ഇത്ര വലിയ വിഡ്ഢിത്തം എഴുന്നെള്ളിക്കുകയില്ല.

ലോകത്ത് ഇരുനൂറിൽ അധികം രാജ്യങ്ങളുണ്ട്. ബൈബിളിലെ ഏതെങ്കിലുമൊക്കെ വാക്യങ്ങളെടുത്ത് ഈ രാജ്യക്കാരെല്ലാം ഇങ്ങനെയൊക്കെ വ്യാഖ്യാനിക്കാൻ തുടങ്ങിയാൽ എന്താകും സ്ഥിതി! പ്രിയ സഹോദരങ്ങളേ, ദൈവവചനം വ്യാഖ്യാനിക്കുന്നതിന് ചില തത്ത്വങ്ങളൊക്കെയുണ്ട്. ഈ തത്ത്വങ്ങൾ മനുഷ്യരാരും ഉണ്ടാക്കിയതല്ല, ദൈവവചനത്തിൽത്തന്നെ ഉള്ളതാണ്. ഇവ എന്തൊക്കെയാണെന്നു മനസ്സിലാക്കാതെ ദൈവവചനം വ്യാഖ്യാനിക്കാൻ ഇറങ്ങി പുറപ്പെട്ടാൽ കെ.എ.ഏബ്രഹാമിന്റെ ഗതിയുണ്ടാകും. എസ്ഥേറിന്റെ പുസ്തകവും ഇന്നത്തെ ഇന്ത്യയുടെ ഭാവിയുമായി ഒരു ബന്ധവുമില്ല. സോണിയയും എസ്ഥേറും തമ്മിൽ ഒരു വിധത്തിലുള്ള ബന്ധവുമില്ല. ഇത്തരം വിഡ്ഢിത്തങ്ങൾ അവഗണിക്കുക.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ശിംശോന്റെ ശവം ചിരിച്ചെന്നു കെ.സി.

ശവം ചിരിക്കുമോ? ചിരിക്കുമെന്ന് ചുമ്മാഡോ കെ.സി. ജോൺ കണ്ടുപിടിച്ചിരിക്കുന്നു. ഈ മഹത്തായ കണ്ടുപിടുത്തം കെ. സി.ജോൺ ചവറിലൂടെ മാലോകരെ അറിയിക്കുകയും ചെയ്തു. സംഭവം ചുരുക്കി പറയാം:

കെ.സി.ജോൺ സ്വന്തം സഭയിൽ സഭായോഗത്തിനു നടത്തുന്ന പ്രസംഗം 'ലിവിംഗ് വേഡ്സ്' എന്ന പേരിൽ ചവറിൽ സംപ്രേക്ഷണം ചെയ്യാറുണ്ട്. അത്തരം ഒരു പ്രസംഗത്തിലാണ് തന്റെ കണ്ടുപിടുത്തത്തേക്കുറിച്ചു കെ.സി.ജോൺ പറഞ്ഞത്. ശിംശോന്റെ കഥയാണ് കെ.സി.ജോൺ പ്രസംഗിക്കുന്നത്. ഒടുവിൽ ശിംശോന്റെ മരണം വിവരിച്ചു. ദേവാലയം തകർത്ത് ശിംശോൻ മൂവായിരം ഫെലിസ്ത്യരെ കൊന്നു. അതുകഴിഞ്ഞ് ശിംശോന്റെ സഹോദരൻമാർ അവന്റെ മൃതദേഹം കണ്ടെത്താനായി എത്തി. ഓരോ ശവവും അവർ പരിശോധിച്ചു. മുഖത്ത് ഭീതിയുമായി കിടക്കുന്ന മൂവായിരം ശവങ്ങൾ അവർ കണ്ടു. പക്ഷേ ഒരു ശവം ഇതാ ചിരിച്ചുകൊണ്ടു കിടക്കുന്നു: ശിംശോന്റെ ശവം. തന്റെ ശത്രുക്കളായ മൂവായിരം ആളുകളെ കൊല്ലാൻ കഴിഞ്ഞതുമൂലം ശിംശോന് സന്തോഷമുണ്ടായി. അങ്ങനെ സന്തോഷിച്ച്, ചിരിച്ച് മരിച്ചതുകൊണ്ട് ശിംശോന്റെ ശവം ചിരിച്ചുകൊണ്ടു കിടക്കുകയാണ്.

ഇതിനോടു സാമ്യമുള്ള ഒരു സംഭവം ഓർമ്മയിൽ വരുന്നു. ടി.എസ്.ബാലൻ എന്ന ഈയുള്ളവൻ സിനിമ കണ്ടു നടന്നിരുന്ന കാലത്തെ കാര്യമാണ്. തമിഴ് നടനായ നാഗേഷിന് ഒരു മനുഷ്യന്റെ തലയോട്ടി കിട്ടി. പല്ലുകൾ പുറത്തുകാണാം. ഉടൻ വന്നു നാഗേഷിന്റെ കമന്റ്: ''എവനോ ചിരിച്ചുകിട്ടേ ശത്തിർക്കാൻഡാ!'' ആരോ ചിരിച്ചോണ്ടു ചത്തതാണെടാ എന്നു ചുരുക്കം. നാഗേഷിന് അങ്ങനെയൊക്കെ പറയാം. പക്ഷേ ഐ.പി.സിയുടെ പ്രസിഡന്റ് ഈ വിധത്തിൽ പ്രസംഗിക്കുന്നതിലൂടെ ഐ.പി.സിക്കാരെ മാത്രമല്ല സകല പെന്തക്കോസ്തുകാരേയും അപമാനിക്കയാണു ചെയ്യുന്നത്.

# കെ.സി.തോമസ് വെട്ടിലായി



കെ.സി.തോമസ് എന്നത് ഐ.പി.സിയുടെ സ്റ്റേറ്റ് സെക്രട്ടറിയായ കെ.സി.തോമസ്സല്ല ഈ ഫോട്ടോയിൽ കാണുന്ന കെ.സി. തോമസ്സാണ് എന്ന് പ്രാരംഭത്തിൽ തന്നെ പറയട്ടെ. കഴിഞ്ഞ ലക്കം ഡിഫെൻഡർ വായിച്ചിട്ടുള്ളവർക്ക് ഈ മാന്യദേഹത്തെ പരിചയപ്പെടുത്തേണ്ടതില്ല.

അമേരിക്കൻ യാത്ര തൊഴിലാക്കിയ ഈ കള്ളപ്രവാചകൻ ഇപ്പോൾ ഡാളസ്സിലുണ്ട്. ആറുമാസം ഡാളസ്സിൽ ശുശ്രൂഷ നിവർത്തിക്കുകയാണ് ആഗമനോദ്ദേശ്യം. പക്ഷേ ഇയാൾ കള്ളപ്രവാചകനാണെന്നും അമേരിക്കൻ പര്യടനം തൊഴിലാക്കിയവനാണെന്നും ഡിഫെൻഡർ മാലോകരെ അറിയിച്ചതോടെ കെ.സി.തോമസിനു പണിയില്ലാതായി. ശുശ്രൂഷയ്ക്ക് അവസരം തേടി ഇയാൾ നിരവധി ആളുകളെ വിളിച്ചെങ്കിലും കാര്യമായ ഫലമുണ്ടായിട്ടില്ല. ഇനി എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണിയാൾ.




# പാസ്റ്റർമാർക്ക് അധിക വരുമാനം

പാസ്റ്റർമാർക്ക് അല്പം അധിക വരുമാനം ഉണ്ടാകുന്നത് മോശമായ കാര്യമാണെന്ന് ആരും പറയുമെന്നു തോന്നുന്നില്ല. ഏതാനും മാസം മുൻപ് ഒരു പെന്തക്കോസ്ത് പത്രത്തിൽ 'പാസ്റ്റർമാർക്ക് അധിക വരുമാനം നേടാം' എന്നൊരു പരസ്യം കണ്ടപ്പോൾ ആരും സംശയിച്ചുമില്ല. പരസ്യത്തിൽ കണ്ട നമ്പരിൽ നിരവധി പാസ്റ്റർമാർ വിളിച്ചു. പരസ്യം കൊടുത്തയാൾ എല്ലാവരുടേയും നമ്പർ ശേഖരിക്കുകയും വിശദ വിവരം പിന്നീട് അറിയിക്കാമെന്നു പറയുകയും ചെയ്തു. അങ്ങനെ ഈ വിഷയം എല്ലാവരും മറന്നു.

പക്ഷേ രണ്ടാഴ്ച മുൻപ് എല്ലാവരേയും പരസ്യദാതാവു വിളിച്ചു. ഇടക്കരയിലുള്ള ഒരു ബാങ്കിലേക്ക് ഉടൻ ആയിരം രൂപ അയയ്ക്കുക. അക്കൗണ്ട് നമ്പരും കൊടുത്തു. പണമടച്ചാൽ ഉടൻ പാസ്റ്റർക്ക് അധിക വരുമാനം എത്താൻ തുടങ്ങും. നിരവധി പാസ്റ്റർമാർ പണമടച്ചു. ഇനി പണത്തിന്റെ ഒഴുക്കു തുടങ്ങിയാൽ മതി. എന്നാൽ ബുദ്ധിയുള്ള പാസ്റ്റർമാരും ഉണ്ടായിരുന്നു. അവർ പണം അടച്ചില്ല. അതുകൊണ്ട് ധനനഷ്ടവും മാനഹാനിയും ഉണ്ടാകുകയുമില്ല.

ദ്രവ്യാഗ്രഹം സകല ദോഷങ്ങൾക്കും കാരണമാകുന്നു എന്നു ദൈവവചനം പറയുന്നു. ദൈവ വചനം വിശ്വസിക്കാത്തവർക്കു ബുദ്ധിയുദിക്കാൻ ഇടയ്ക്കൊക്കെ ഇങ്ങനെ ചില നഷ്ടങ്ങൾ ഉണ്ടാകുന്നതു നല്ലതാണ്.

# ചക്കരയപ്പച്ചൻ അഞ്ചുതെങ്ങിൽ

ചക്കരയപ്പച്ചനെ ഓർമ്മയുണ്ടോ? 2000-2001 കാലത്തു ഡിഫെൻഡർ വായിച്ചിരുന്നവർക്ക് ഈ വിദ്വാനെ ഓർക്കാൻ കഴിയും. ചങ്ങാതിയുടെ പേര് ബാബു ജോർജ്. ഈ പേരുള്ള പലർ ആത്മീയ രംഗത്തുള്ളതുകൊണ്ട് കൂടുതൽ വ്യക്തമാക്കാം: ഇദ്ദേഹത്തിന്റെ താമസം പുല്ലാട്ടാണ്. അതുകൊണ്ട് ബാബു ജോർജ് പുല്ലാട് എന്ന പേരിലാണ് അറിയപ്പെടുന്നത്. വായിൽ തോന്നിയതു കോതയ്ക്കു പാട്ട് എന്ന വിധത്തിലുള്ള കള്ളപ്രവചനമാണ് തൊഴിൽ. തരം കിട്ടുന്നിടത്തു പാർക്കാൻ പുറപ്പെട്ട ലേവ്യന്റെ കുടുംബക്കാരൻ.

കുറേക്കാലം മുൻപ് ഗൾഫായിരുന്നു ഇവന്റെ വിഹാരരംഗം. കള്ളപ്രവചനം പറഞ്ഞ് നിരവധിയാളുകളെ ഈ നീചൻ കുഴിയിൽ ചാടിച്ചു. സഹികെട്ടപ്പോൾ ഡിഫെൻഡർ ഇവനേക്കുറിച്ച് എഴുതി. സകല കള്ളൻമാരും ചെയ്യുന്നതുപോലെ ഇവനും ഭീഷണിയുമായി രംഗത്തെത്തി. അങ്ങനെ ഇവൻ ഡിഫെൻഡറിലെ സ്ഥിരം കഥാപാത്രമായി. ഒടുവിൽ ബാബു ജോർജ് ആയുധം വച്ചു കീഴടങ്ങി. അതോടെ ഡിഫെൻഡർ ഇവനേക്കുറിച്ചുള്ള എഴുത്തു നിർത്തി.

കുറേക്കാലമായി ഈ ചങ്ങാതിയേക്കുറിച്ചു കേൾക്കാനില്ലായിരുന്നു. ഇപ്പോഴിതാ ഇവൻ തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങിൽ കള്ളപ്രവചനവുമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. കുറച്ചധികം ആളുകളെ ഇവൻ കബളിപ്പിച്ചുകഴിഞ്ഞു. അവിടെ ഒരു സഭയുണ്ടാക്കാനുള്ള പുറപ്പാടിലാണ് ഈ കള്ളനിപ്പോൾ.

# സാറെന്നു വിളിക്കണം



അവറാനൊരു മോഹം: (അന്ത്യാഭിലാഷം എന്നൊക്കെ പറയുന്നതുപോലെയുള്ള ഒരു ആഗ്രഹമാണിത്.) എല്ലാവരും തന്നെ സാറെന്നു വിളിക്കണം. അടുത്ത കാലം വരെ ഇവാ എന്നാണു നോട്ടീസുകളിൽ കണ്ടിരുന്നത്. പക്ഷേ ചിലരൊക്കെ ഇപ്പോൾ പാസ്റ്റർ എന്നും എഴുതുന്നുണ്ട്. സകല അണ്ടനും അടകോടനും റവയായി വിലസുന്ന തുകൊണ്ട് അവറാൻ ചിലപ്പോൾ റവയുമാകുന്നുണ്ട്. പക്ഷേ ഇതൊന്നുമല്ല ഈ ചങ്ങാതിക്കു വേണ്ടത്: 'സാർ' എന്നുള്ള വിളി കേൾക്കണം. എന്താ മാർഗ്ഗം?

മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ എടുത്തു എന്ന പച്ചക്കള്ളം പറഞ്ഞുനോക്കി. പക്ഷേ എം.എക്കാരനെ സാറെന്നു വിളിച്ചുകൊള്ളണം എന്ന് ഈ രാജ്യത്തു നിയമമൊന്നുമില്ലല്ലോ. ഇന്ത്യയിലെ ഏതു യൂണിവേഴ്സിറ്റിയിലും അഞ്ചക്ക ശമ്പളത്തിൽ അദ്ധ്യാപകനായി ജോലി ലഭിക്കാനുള്ള യോഗ്യതയുണ്ടെന്നു തട്ടിവിട്ടു. പക്ഷേ അതും ഫലിച്ചില്ല. ആരും സാറെന്നു വിളിച്ചില്ല. ഏതെങ്കിലും ബൈബിൾ സ്കൂളിൽ പഠിപ്പിച്ചിരുന്നെങ്കിൽ അവിടത്തെ കുട്ടികളെങ്കിലും സാറെന്നു വിളിക്കുമായിരുന്നു. പക്ഷേ കഷ്ടിച്ചൊരു ബി.റ്റി.എച്ച് മാത്രം കൈമുതലായുള്ള അവറാനെ സാറാക്കാനുള്ള വിവരക്കേട് ഒരു ബൈബിൾ കോളേജുകാരനും ഉണ്ടായില്ല.

സാറെന്നുള്ള വിളി കേൾക്കാൻ ഒരു മാർഗ്ഗവും ഇല്ലാതായപ്പോൾ അവറാൻ ഒരു തന്ത്രം പ്രയോഗിച്ചു. സ്വന്തം ഗോസ്പൽ ടീമിലെ അംഗങ്ങളെല്ലാം തന്നെ സാർ എന്നു വിളിച്ചുകൊള്ളണം എന്നു കല്പിച്ചു. അങ്ങനെ വിളിക്കാത്തവരെ പിരിച്ചുവിടും. അതോടെ അവറാന്റെ മോഹം പൂവണിഞ്ഞു. ടീമിലുള്ളവർ സാറെന്നു വിളിക്കുന്നതു കേട്ട് അവറാൻ ഇപ്പോൾ കോരിത്തരിക്കയാണ്.

# രഹസ്യം ചോർത്തുന്നതാര്?

എ.ജിയിൽ എന്തു നടന്നാലും അതു ബാലനറിയും. ഇതെങ്ങനെ സംഭവിക്കുന്നു? എ.ജിയിലുള്ള ആരോ ബാലനു വാർത്ത ചോർത്തി കൊടുക്കുന്നു എന്നു തീർച്ച. അതാരാണ്?

ലക്ഷ്മിക്കുട്ടി കമ്മറ്റിയിൽ അഞ്ചംഗങ്ങളാണുള്ളത്. അവരിൽ ആരെങ്കിലും വാർത്ത ചോർത്തുന്നുണ്ടോ? ഉണ്ടാകാം. പക്ഷേ അവരിലാരേയും ചോദ്യം ചെയ്യാൻ പറ്റില്ല. പിന്നെ ആരെ സംശയിക്കും? ആരെ ചോദ്യം ചെയ്യും?

അപ്പോഴാണ് ഒരു കാര്യം ഓർത്തത്. എ.ജിയുടെ ഓഫീസിൽ ചിലരൊക്കെ ജോലി ചെയ്യുന്നുണ്ടല്ലോ. അവരെ വിരട്ടിയാൽ പ്രശ്നമില്ല. അത്താഴപ്പട്ടിണിക്കാരായ ഈ മിണ്ടാപ്രാണികൾ പ്രതികരിക്കില്ല. ഉടൻ വിളിച്ചു ഓഫീസ് സ്റ്റാഫിനെ. എല്ലാവരേയും അത്യുഗ്രമായി വിരട്ടി. ബാലനു വിവരം കൊടുക്കുന്നതാരാണെന്നു പറയണം എന്നു ശഠിച്ചു. അവർ എന്തു പറയും? നേതാക്കൻമാരുടെ അട്ടഹാസം കേട്ടു നിന്നു. ഒടുവിൽ ഒരു താക്കീതു നൽകിയാണ് അവരെ മടക്കിയയച്ചത്: ബാലന് ഒരു വിവരവും കൊടുക്കരുത്. ബാലൻ എന്നോ ബാ എന്നു പോലുമോ ഉച്ചരിക്കരുത്. 'പോടാ ഗ്രാസേ' എന്നു പറഞ്ഞിട്ട് ഇറങ്ങിപ്പോരാൻ ധൈര്യമുള്ള ആരും അക്കൂട്ടത്തിലില്ലാതെപോയി.



# വീണ്ടും ചില വീട്ടുകാര്യങ്ങൾ

''വീണ്ടും ചില വീട്ടുകാര്യങ്ങൾ'' എന്നു കേൾക്കുമ്പോൾ ഈ പേരിലുള്ള സിനിമയേക്കുറിച്ചാണു പറയാൻ പോകുന്നത് എന്നു തെറ്റിദ്ധരിക്കരുത്. പറയാൻ പോകുന്നത് കഥയല്ല പച്ചയായ സത്യമാണ്.

റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഡിഫെൻഡറിൽ എന്നേക്കുറിച്ചോ എന്റെ കുടുംബത്തേക്കുറിച്ചോ വളരെ കുറച്ചു മാത്രമേ എഴുതാറുള്ളൂ. എഴുതിയിട്ടുള്ളപ്പോഴെല്ലാം തക്ക കാരണവുമുണ്ടായിരുന്നു. ആ വിധത്തിലുള്ള ഒരു സംഭവം ഇപ്പോൾ ഉണ്ടായിരിക്കുന്നു. അതുകൊണ്ട് എന്റെ വീട്ടുകാര്യവുമായി ബന്ധപ്പെട്ടു ചിലത് എഴുതുകയാണ്:

എന്റെ മൂത്ത മകൻ അബീഷ് കഴിഞ്ഞ രണ്ടു വർഷമായി യു.എ.യിയിൽ ജോലി ചെയ്യുകയായിരുന്നു. മെയ് 15ന് അവനു നെഞ്ചുവേദനയുണ്ടായി. ചില മരുന്നുകൾ കഴിച്ചെങ്കിലും ഫലമുണ്ടായില്ല. രാത്രിയിൽ അസുഖം കൂടി. ഒപ്പം താമസിച്ചിരുന്നവർ ആംബുലൻസ് വിളിച്ചു. പക്ഷേ ആശുപത്രിയിൽ എത്തുന്നതിനു മുൻപ് (ആംബുലൻസിൽ വച്ച്) ഹാർട്ട് അറ്റാക്ക് ഉണ്ടായി. അങ്ങനെ അവൻ മരിച്ചു.

അഞ്ചരയടിയോളം മാത്രമേ ഉയരമുണ്ടായിരുന്നുള്ളു എങ്കിലും അബീഷിന് 110 കിലോ തൂക്കമുണ്ടായിരുന്നു. അതാണ് പ്രശ്നമായത്. ഗൾഫിലേക്കു പോകുമ്പോൾ 85 കിലോ തൂക്കമുണ്ടായിരുന്നു. ഗൾഫിൽ വച്ചു തൂക്കം വീണ്ടും കൂടി, 110 കിലോയിലെത്തി. അതോടെ ഹൃദയത്തിന്റെ പ്രവർത്തനം താറുമാറായി. ഓട്ടോകാഡ് ഡ്രാഫ്റ്റ്സ്മാനായി ജോലി ചെയ്തിരുന്നതുകൊണ്ട് മണിക്കൂറുകളോളം കസേരയിൽ ഇരിക്കേണ്ടതായി വന്നു. അങ്ങനെ വ്യായാമത്തിനുള്ള സാഹചര്യവും ഇല്ലാതായി.

തടിയും തൂക്കവും കുറയ്ക്കാനുള്ള ഒരു ശ്രമവും അബീഷ് നടത്തിയില്ല. അതുമൂലം രണ്ടു വട്ടം ഹാർട്ട് അറ്റാക്ക് ഉണ്ടായെങ്കിലും വിവരം വീട്ടിൽ അറിയിക്കാതെ അവൻ രഹസ്യമാക്കിവച്ചു. ഡോക്ടറുടെ നിർദ്ദേശപ്രകാരം ജീവിതം ക്രമീകരിച്ചുമില്ല. അതുകൊണ്ട് മൂന്നാമത്തെ അറ്റാക്കിനെ അതിജീവിക്കാനായില്ല.

ഞാൻ എന്റെ വീട്ടുകാര്യങ്ങൾ ഡിഫെൻഡറിൽ ഏറെ എഴുതാത്തതുകൊണ്ട് എനിക്ക് എത്ര മക്കളുണ്ട് എന്നുപോലും വായനക്കാരിൽ ഭൂരിപക്ഷത്തിനും അറിഞ്ഞുകൂടാ. അതുകൊണ്ടു പറയട്ടെ: ദൈവം എനിക്ക് അഞ്ചു മക്കളെ തന്നു. അവരിൽ മൂത്തവനാണ് അബീഷ്. രണ്ടാമനാണ് ഡിഫെൻഡറിന്റെ ഉടമസ്ഥനായ അനീഷ്. ഇപ്പോൾ ബാംഗ്ലൂരിൽ കമ്പ്യൂട്ടർ രംഗത്ത് ജോലി ചെയ്യുന്നു. ഇവരെ കൂടാതെ മൂന്നു പെൺകുട്ടികളേയും ദൈവം എനിക്കു തന്നിട്ടുണ്ട്. അവർ എം.എ., എം.എസ്.ഡബ്യ്യൂ., 9-ാം ക്ലാസ്സ് എന്നിങ്ങനെ പഠിക്കുന്നു. ഇനി അബീഷിനേക്കുറിച്ചു പറയാം:

ചെറുപ്പകാലം മുതൽ അവൻ ആത്മീയ വിഷയങ്ങളിൽ അതീവ തല്പരനായിരുന്നു. ബൈബിളിൽ അസ്സാധാരണമായ അറിവും നേടി. ചെറുപ്പത്തിൽത്തന്നെ അവൻ രക്ഷിക്കപ്പെട്ടു. 12 വയസ്സുള്ളപ്പോൾ പരിശുദ്ധാത്മസ്നാനം പ്രാപിക്കാനും അവനു കഴിഞ്ഞു. ഏറെ താമസിയാതെ അവൻ സ്നാനമേൽക്കുകയും ചെയ്തു.

പഠിപ്പിലും അബീഷ് ഏറെ സമർത്ഥനായിരുന്നു. അവൻ പത്താംക്ലാസ്സ് പാസ്സായ വർഷം ശാരോനിൽ ഏറ്റവും അധികം മാർക്ക് വാങ്ങി ജയിച്ച കുട്ടിക്കുള്ള സമ്മാനം അവനാണു ലഭിച്ചത്. സ്പോർട്സിലും ഗയിംസിലും അബീഷ് മിടുക്കനായിരുന്നു. ആ വകയിൽ ഒട്ടേറെ സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടുമുണ്ട്.

ഉയരം കുറവായിരുന്നെങ്കിലും ബോഡി ബിൽഡിംഗിൽ അബീഷിനു താല്പര്യമുണ്ടായിരുന്നു. ആലുവ യു.സി കോളേജിൽ പ്രീഡിഗ്രിക്കു പഠിക്കുമ്പോൾ അവൻ മിസ്റ്റർ യു.സി ആയി തിരഞ്ഞെടുക്കപ്പെട്ടു. പക്ഷേ പിന്നീട് ശരീരം വേണ്ടത്ര ശ്രദ്ധിക്കാതായി. അതോടെ തടിയും തൂക്കവും കൂടാൻ തുടങ്ങി. ഗൾഫിലേക്കു പോകുന്ന സമയത്ത് 85 കിലോയായിരുന്നു അവന്റെ തൂക്കം. അതാണു പിന്നീട് 110 കിലോ ആയതും മരണത്തിനു വഴിവച്ചതും.

മരണവാർത്തയറിഞ്ഞ് നിരവധി ആളുകൾ എന്നെ ഫോണിൽ വിളിക്കുകയും നേരിൽ വന്ന് ആശ്വസിപ്പിക്കുകയും ചെയ്തു. എല്ലാവർക്കും നന്ദി അറിയിക്കയും ചെയ്യുന്നു. മകൻ മരിക്കുമ്പോൾ ഒരു പിതാവിനുണ്ടാകുന്ന എല്ലാ ദു:ഖവും എനിക്കുണ്ട്. എന്റെ ഭാര്യയും അതുപോലെ തന്നെ ദു:ഖിക്കുന്നു. സഹോദരൻ നഷ്ടപ്പെട്ടതിലുള്ള ദു:ഖം എന്റെ മക്കൾക്കുമുണ്ട്. പക്ഷേ ഞങ്ങൾ രക്ഷിക്കപ്പെട്ടവരാണ്. അതുകൊണ്ട് ദു:ഖത്തിന് ഒരതിരുണ്ട്. ഈ വേർപാട് ശാശ്വതമല്ലെന്നു ഞങ്ങൾക്കറിയാം. ഈ ഭൂമിയിൽ അബീഷിനോടൊപ്പം ഇനി ജീവിക്കാനാവില്ല എന്നതു മാത്രമാണ് ഞങ്ങളുടെ ദു:ഖം.

ആശ്വാസ വാക്കുകൾ പറഞ്ഞ് എന്റെ ദു:ഖം അകറ്റാൻ ശ്രമിച്ചവരുടെ നല്ല മനസ്സിനെ ഞാൻ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ദു:ഖത്തിലായിരിക്കുന്നവരെ ആശ്വസിപ്പിക്കാൻ ദൈവം തുടർന്നും അവരെ ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. എങ്കിലും എനിക്ക് ആശ്വാസ വാക്കുകളുടെ ആവശ്യമില്ലെന്ന് ഞാൻ ഏവരോടും പറയുകയുണ്ടായി. അതിനുള്ള കാരണവും ഞാൻ വിശദീകരിച്ചു. 1974ൽ ഞാൻ കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഇക്കാലത്തു പലരും കർത്താവിനെ സ്വീകരിക്കുന്നത് ഭൗതീക നേട്ടങ്ങൾ ലക്ഷ്യമിട്ടാണ്. പക്ഷേ ഞാൻ കർത്താവിൽ നിന്നു പ്രതീക്ഷിച്ചത് ഒന്നുമാത്രം: നിത്യജീവൻ. അതു കർത്താവ് എനിക്കു തന്നു. വെറും ജീവനല്ല, സമൃദ്ധിയായ ജീവനാണ് കർത്താവു തന്നത്. അതോടൊപ്പം മറ്റൊന്നു കൂടി തന്നു - സമാധാനം - സർവ്വബുദ്ധിയേയും കവിയുന്ന ദൈവസമാധാനം. അതു തരുവാൻ ഈ ലോകത്തിനു കഴിയുന്നതല്ല. അത് എന്നിൽ നിന്ന് എടുത്തുകളയാനും ഈ ലോകത്തിനാവില്ല. രോഗമോ പട്ടിണിയോ അപമാനമോ മരണമോ എന്തു തന്നെ വന്നാലും ഒരളവിലധികം ദു:ഖം എനിക്ക് ഉണ്ടാകാത്തതും ഈ കാരണത്താലത്രേ.

മകൻ മരിച്ചതോടെ ബാലൻ എവിടെയോ ചുരുണ്ടുകൂടി ഇരിക്കയാകും എന്നു സ്വപ്നം കാണുന്നവരുടെ അറിവിലേക്കായി പറയട്ടെ, ബാലൻ ഒരു നിമിഷംപോലും ചൂളിയില്ല, ചുരുണ്ടുമില്ല. അബീഷ് മരിച്ചു എന്നു കേട്ടപ്പോൾ ദു:ഖം തോന്നി എന്നതു ശരി. ഇത്തരം ഒരു വാർത്ത ഏതു പിതാവിനേയും ദു:ഖിപ്പിക്കും. പക്ഷേ അതിൽ അധികമായി ഒന്നും സംഭവിച്ചില്ല, സംഭവിക്കുകയുമില്ല. കാരണം പറഞ്ഞു കഴിഞ്ഞല്ലോ, ഞാൻ രക്ഷിക്കപ്പെട്ടവനാണ്. ''ഇനിയാരുണ്ട്'' എന്നു പ്രസംഗകൻ ആവർത്തിച്ചു ചോദിച്ചപ്പോൾ വെറുതെ കൈ പൊക്കി രക്ഷിക്കപ്പെട്ട കാര്യമല്ല ഈ പറയുന്നത്. രക്ഷ എന്താണെന്നു മനസ്സിലാക്കിയശേഷം രക്ഷിക്കപ്പെട്ടവനാണ്, വീണ്ടും ജനിച്ചവനാണ്. അതുകൊണ്ട് ഞാൻ മരണം കണ്ടു ഭയപ്പെടുകയില്ല.

അബീഷിന്റെ മരണം യാദൃച്ഛികമല്ല എന്നതും ഇതോടുള്ള ബന്ധത്തിൽ പറയേണ്ടതുണ്ട്. അബീഷ് മരിച്ചതിന്റെ പിറ്റേന്ന് എന്റെ ഒരു സുഹൃത്ത് എന്നെ ഫോണിൽ വിളിച്ചു. സംഭാഷണത്തിനിടയിൽ അദ്ദേഹം എന്നോടു ചോദിച്ചു: ''പഴയ ഒരു പ്രവചനം ഓർമ്മയുണ്ടോ?'' എനിക്ക് ഓർമ്മവന്നില്ല. അപ്പോൾ അദ്ദേഹം ചില സൂചനകൾകൂടി തന്നു. ഏതാനും മണിക്കൂർ കഴിഞ്ഞ് എനിക്ക് ആ സംഭവം ഓർമ്മ വന്നു: അബീഷിന് മൂന്നു വയസ്സും അനീഷിന് ഒരു വയസ്സും പ്രായമുള്ള സമയത്ത് ഒരു ദൈവദാസൻ എന്നോട് ഇപ്രകാരം പറഞ്ഞു: ''ഇളയ മകനിലൂടെയാണ് കുടുംബത്തിന് ഉയർച്ച ഉണ്ടാകുക.'' അതെന്താണ്, ഞാൻ ചോദിച്ചു. വളരെ നിർബ്ബന്ധിച്ചപ്പോൾ ആ ദൈവദാസൻ കാരണം പറഞ്ഞു: ''അബീഷ് യൗവനത്തിൽ മരിച്ചുപോകും.''

ഇതുകേട്ട് ഞാൻ വളരെ ദു:ഖിച്ചു. ദൈവം അബീഷിനെ വിടുവിക്കാനായി പ്രാർത്ഥിക്കണമെന്ന് ഞാൻ എന്റെ സുഹൃത്തുക്കളോടെല്ലാം പറഞ്ഞു. ഞാനും പ്രാർത്ഥിക്കാൻ തുടങ്ങി. ക്രമേണ ഈ പ്രവചനം എല്ലാവരും മറന്നു. അബീഷിന്റെ മരണവാർത്ത അറിഞ്ഞപ്പോൾ ഈ പ്രവചനം എന്റെ സുഹൃത്ത് ഓർത്തു. അങ്ങനെയാണ് അദ്ദേഹം എന്നെ വിളിച്ചു വിവരം പറഞ്ഞത്.

ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു. അബീഷിന്റെ മരണം ദൈവത്തിന്റെ മുൻനിർണ്ണയം അനുസരിച്ചു നടന്നതാണ്. അത് ദൈവീക പദ്ധതിയിലുള്ളതായിരുന്നു. ദൈവം എന്തിന് ഇങ്ങനെ തീരുമാനിച്ചു? അതിനുള്ള ഉത്തരം ദൈവത്തിനു മാത്രമേ പറയാനാകൂ. പക്ഷേ ദൈവം ഇത്തരം ചോദ്യങ്ങൾക്കൊന്നും നാളിതുവരെ ആർക്കും വിശദീകരണം കൊടുത്തിട്ടില്ല. ഒരു കാര്യം ഉറപ്പ്: ദൈവം നല്ലവനാണ്. നല്ലവനിൽ നിന്നു നൻമയേ വരൂ. അബീഷിന്റെ മരണവും നൻമയ്ക്കാണ്. ആ നന്മയെന്തെന്ന് ഇപ്പോൾ വ്യക്തമല്ലെന്നു മാത്രം.





## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് - 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 96564 32921**

# മരണാനന്തര ചിന്തകളും അല്പം

എന്റെ മകന്റെ മരണവാർത്തയറിഞ്ഞ് പലരും എന്നെ സന്ദർശിക്കാനെത്തി. മരണം, മരണാനന്തരജീവിതം, ദൈവീക പദ്ധതികൾ തുടങ്ങി പല വിഷയങ്ങളേക്കുറിച്ചും സംസാരിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചു. അതിന്റെ രത്നച്ചുരുക്കമാണ് ഈ ലേഖനം.

എന്നെ കാണാൻ വന്ന ഒരു വയോധികൻ സ്വന്തം അനുഭവം വിവരിച്ചു. ഹൈന്ദവ മാർഗ്ഗത്തിൽ നിന്ന് അഞ്ചു പതിറ്റാണ്ടോളം മുൻപു വിശ്വാസത്തിൽ വന്ന ഈ അപ്പച്ചന് ഇപ്പോൾ വയസ്സ് തൊണ്ണൂറോളമുണ്ട്. പക്ഷേ ആരോഗ്യത്തിനു കുറവില്ല. ഒറ്റയ്ക്കാണു സഞ്ചാരം. ഒന്നാംതരം മദ്യപനായിരുന്ന ഇദ്ദേഹത്തിന്റെ മാനസാന്തരം നാട്ടിൽ വലിയ ചലനമുണ്ടാക്കി. കുടുംബമായി സ്നാനപ്പെടാൻ തീരുമാനിച്ചിരിക്കുന്ന സമയത്താണ് അന്നു 12 വയസ്സ് മാത്രം പ്രായമുള്ള മൂത്ത മകൾ മരിച്ചത്. പെന്തക്കോസ്തിൽ പോയി എന്നു പറഞ്ഞ് ബന്ധുമിത്രാദികൾ നിസ്സഹകരണം പ്രഖ്യാപിച്ചു. ദൈവകോപം മൂലമാണു മകൾ മരിച്ചത് എന്നു പറഞ്ഞു പരിഹസിച്ചു. ഒരു സഭയിലും അംഗത്വമെടുത്തിട്ടില്ലാത്തതിനാൽ സഭക്കാരും സഹകരിച്ചില്ല. ഒടുവിൽ സ്വന്തം പറമ്പിൽ കുഴിയെടുത്ത് മകളുടെ ജഡം മറവുചെയ്തു. വിശ്വാസജീവിതം ഉപേക്ഷിക്കാൻ മതിയായ കാരണമായിരുന്നു ഇത്. പക്ഷേ ജീവനുള്ള ദൈവത്തെ കണ്ട് ഇറങ്ങിയവരായിരുന്നു ഈ കുടുംബം. അതുകൊണ്ട് ക്ഷീണിച്ചില്ല.

ഒരു മകനും നാലു പെൺമക്കളും ശേഷിച്ചു. മകനെ ദൈവവേലയ്ക്ക് അയയ്ക്കാൻ തീരുമാനിച്ചു. ദൈവവചനം പഠിക്കാൻ ബൈബിൾ സ്ക്കൂളിലേക്ക് അയയ്ക്കുകയും ചെയ്തു. പക്ഷേ ഏറെ താമസിയാതെ മകനും മരിച്ചു. ശത്രുക്കൾ കൈകൊട്ടി ചിരിച്ചു. ആകെ തകർന്നുപോകാവുന്ന സ്ഥിതി. പക്ഷേ പാളയത്തിനു പുറത്ത് കഷ്ടം സഹിച്ച യേശുവിന്റെ പിന്നാലെ ഇറങ്ങിയവർക്ക് കഷ്ടത അവകാശമായി ലഭിക്കുന്നതു സ്വാഭാവികം. അതുകൊണ്ട് അവർ വിശ്വാസജീവിതത്തിൽ ഉറച്ചുനിന്നു. യഥാസമയം പെൺമക്കളുടെ വിവാഹം നടന്നു. പക്ഷേ ഒരു മകളുടെ ഭർത്താവിന് ഹൃദയസംബന്ധമായ രോഗമുണ്ടായി. മരണം ആസന്നമായപ്പോഴും ആ ദൈവദാസൻ വിശ്വാസം ത്യജിച്ചില്ല. തികഞ്ഞ പ്രത്യാശയോടെ മരിച്ചു. ഈ വിധത്തിൽ നിരവധി കഷ്ടങ്ങൾ അനുഭവിച്ച ആ വൃദ്ധന്റെ അനുഭവസാക്ഷ്യം എന്നെ ഏറെ ബലപ്പെടുത്തി. പണത്തിന്റെയോ അധികാരത്തിന്റെയോ പിന്നാലെ പോകാതെ ഇത്രക്കാലം ജീവിച്ചു. സമ്പാദ്യമെന്നു പറയാൻ കാര്യമായി ഒന്നുമില്ല. പക്ഷേ കർത്താവിനേക്കുറിച്ചു പറയുമ്പോൾ ആ വൃദ്ധനു നൂറു നാക്കാണ്. ദൈവസ്നേഹത്തേക്കുറിച്ചു പറയുമ്പോൾ കേട്ടിരിക്കുന്നവർ പോലും ആത്മാവിൽ നിറയും. ഇത്തരം വിശ്വാസവീരൻമാരെയാണ് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ബഹുമാനിക്കുന്നത്.

എന്നെ കാണാൻ വന്ന ദൈവമക്കൾ ഏറെ ആശങ്കയോടെ പറഞ്ഞ ഒരു കാര്യമുണ്ട്: മകൻ മരിച്ചത് ദൈവം ബാലനു കൊടുത്ത ശിക്ഷയാണ് എന്നു പറഞ്ഞു നടക്കാൻ ഏറെപ്പേരുണ്ടാകും. ഇതുകേട്ടു മനസ്സു മടുക്കരുത്. ഈ ആശങ്ക അസ്ഥാനത്തല്ല. സമൃദ്ധിയുടെ സുവിശേഷം ഏറെ സ്വീകാര്യത നേടിയിരിക്കുന്ന ഈ കാലത്ത് രോഗം, പ്രതികൂലം, അപകടം, മരണം തുടങ്ങിയതൊക്കെ ദൈവകോപത്തിന്റേയും ശാപത്തിന്റേയും ഫലമായുണ്ടാകുന്നതാണെന്നു വ്യാഖ്യാനമുണ്ടാകും. പരിഹാരമില്ലാത്ത പ്രശ്നമാണിത്. ഏവരേയും പറഞ്ഞു ബോദ്ധ്യപ്പെടുത്തുക എളുപ്പമല്ല. എന്റെ മകൻ മരിച്ചത് ദൈവശിക്ഷയാണെന്നു പറഞ്ഞു സന്തോഷിക്കുന്നവരും പടക്കം പൊട്ടിക്കുന്നവരും ഒരു കാര്യം ശ്രദ്ധിക്കുക: സ്വർഗ്ഗത്തിൽ കേൾക്കുന്നത്ര ഉച്ചത്തിൽ ആർത്തു വിളിക്കുകയോ പടക്കം പൊട്ടിക്കയോ ചെയ്യരുത്.

രോഗവും അപകടവും മരണവും മറ്റും ദൈവകോപത്തിന്റെ ഫലമായുണ്ടാകുന്നതാണെന്ന വിഡ്ഢിത്തത്തിന് സ്വീകാര്യത ലഭിച്ചിട്ട് ഏറെക്കാലമായില്ല. അതിനു മുൻപുള്ള കാലത്ത് ഇതൊക്കെ പരീക്ഷയുടെ ഭാഗമായാണ് വിശ്വാസികൾ കണ്ടിരുന്നത്. ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ പ്രാർത്ഥനയിൽ സഹായിക്കാനായി സഹവിശ്വാസികൾ ഓടിക്കൂടുമായിരുന്നു.

പാസ്റ്റർ കെ.ഇ.ഏബ്രഹാമിന്റെ മകനായ ഉമ്മൻ ഏബ്രഹാം വാഹനാപകടത്തിൽ മരിച്ചത് കെ.ഇ.ഏബ്രഹാമിന്റേയോ ഉമ്മൻ ഏബ്രഹാമിന്റേയോ പാപത്തിനുള്ള ശിക്ഷയായിരുന്നോ? ആയിരുന്നു എന്ന് സുബോധമുള്ള ആരും പറയുകയില്ല. പാപത്തിന്റെ അളവു നോക്കിയാണ് അപകടമരണവും അകാല മരണവും ഉണ്ടാകുന്നതെങ്കിൽ റ്റി.എസ്.ഏബ്രഹാം ഇപ്പോൾ ഭൂമിയിൽ ഉണ്ടാകുമായിരുന്നില്ലല്ലോ. ശാരോനിലെ ഏറ്റവും നല്ല പ്രസംഗകനും വിശുദ്ധനുമായിരുന്നു പാസ്റ്റർ വി.എ.തോമസ്. പക്ഷേ അദ്ദേഹത്തിന്റെ അന്ത്യം ദാരുണമായിരുന്നു. അൻപതു വയസ്സ് പോലും തികയുന്നതിനു മുൻപ് അദ്ദേഹം മരിച്ചു. വിവിധ രോഗങ്ങളാൽ ഏറെ കഷ്ടപ്പെടേണ്ടതായും വന്നു. പക്ഷേ ശാരോനിലെ ഏറ്റവും വലിയ പാപിയായ കുഞ്ഞൂട്ടി ഇപ്പോഴും ചെകുത്താനേക്കാൾ ആരോഗ്യത്തോടെ ജീവിച്ചിരിക്കുന്നു. ഇതെന്തു കഥ?

പ്രൊഫ.വി.വി.അച്ചൻകുഞ്ഞ് വിശുദ്ധനായ ദൈവദാസനായിരുന്നു. പക്ഷേ അൻപതു വയസ്സ് പോലും തികച്ചില്ല. കുടുംബകാര്യങ്ങൾ പോലും ക്രമത്തിലാക്കാൻ കഴിയുന്നതിനു മുൻപ് ദൈവം അദ്ദേഹത്തെ വിളിച്ചു.

പാസ്റ്റർ പി.ഡി.ജോൺസൺ മഹാപാപിയായതുകൊണ്ടാണോ വിദേശത്തുവച്ചു മരിച്ചത്? എ.ജിയിലെ മാത്യു സ്ക്കറിയയുടെ മരണം ഏവരിലും വേദനയുളവാക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ മൃതദേഹം അനാഥശവംപോലെ കിടക്കേണ്ടതായി വന്നു. കൈക്കുഞ്ഞുമായിരുന്നു കരഞ്ഞ ഭാര്യയെ ആശ്വസിപ്പിക്കാൻ വാക്കുകൾ പോലും മതിയായില്ല. പക്ഷേ ദുഷ്ടതയുടെ പര്യായമായ ടി.ജെ.ശാമുവൽ ഇപ്പോഴും സസുഖം വാണരുളുന്നു.

സമൃദ്ധിയുടെ സുവിശേഷം കേരളത്തിൽ അവതരിപ്പിച്ച അഗസ്റ്റിൻ ഗോമോസിന് ദാരുണമായ അന്ത്യമുണ്ടായി. അദ്ദേഹം പ്രസംഗിച്ച തിയോളജി തെറ്റായിരുന്നു എന്ന് ആ മരണം വ്യക്തമാക്കി. പക്ഷേ ആ മരണത്തിന്റെ പേരുപറഞ്ഞ് അദ്ദേഹത്തെ അവഹേളിക്കുന്നതു ശരിയായ നടപടിയല്ല. സമൃദ്ധിയുടെ ആൾരൂപമായിരുന്ന ദിനകരന്റെ മകൾ അപകടത്തിൽ മരിച്ചു. അതു ദൈവശിക്ഷയാണെന്നു പറഞ്ഞു പരിഹസിക്കരുത്. പി.പി.ജോബുമായി എനിക്ക് ഉപദേശ വിഷയങ്ങളിൽ ഏറെ അഭിപ്രായഭിന്നതയുണ്ട്. പക്ഷേ ജോബിന്റെ മക്കൾ മരിച്ചത് ദൈവശിക്ഷമൂലമാണെന്നു ഞാൻ പറയില്ല. എന്നാൽ ഇളയ മകന്റെ മരണം രക്തസാക്ഷിത്വമായി വ്യാഖ്യാനിക്കാൻ ജോബ് നടത്തുന്ന ശ്രമങ്ങളെ ഞാൻ എതിർത്തിട്ടുണ്ട്, തുടർന്നും എതിർക്കും. കാരണം, അതൊരു സാധാരണ അപകടമരണമായിരുന്നു എന്നതുതന്നെ.

രോഗം. അപകടം, മരണം തുടങ്ങിയവ വിശ്വാസിക്കും അവിശ്വാസിക്കും ഒന്നുപോലെ ഉണ്ടാകും. ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ എല്ലാ വിരോധങ്ങളും മാറ്റിവച്ച് സഹകരിക്കണം. അങ്ങനെ ചെയ്യാത്തവൻ മനുഷ്യനല്ല. പക്ഷേ അതല്ല ഇന്നു പെന്തക്കോസ്തിൽ നടക്കുന്നത്. നമുക്കു വിരോധമുള്ള ആർക്കെങ്കിലും രോഗമോ അപകടമോ മരണമോ ഉണ്ടായി എന്നു കേട്ടാൽ നാം സന്തോഷംകൊണ്ടു തുള്ളിച്ചാടും. അവനെ ശിക്ഷിച്ചതിന് ദൈവത്തെ സ്തുതിക്കും. സുഹൃത്തുക്കളെയൊക്കെ ഫോണിൽ വിളിച്ച് സന്തോഷം പങ്കുവയ്ക്കും. എന്റെ മകൻ മരിച്ച വാർത്ത അറിഞ്ഞ് ചിലർ ഇങ്ങനെയൊക്കെ ചെയ്തതായും അറിയാം.

ഒരു ദൈവദാസൻ മറ്റൊരാളെ ഫോണിൽ വിളിച്ച് എന്റെ മകന്റെ മരണവാർത്ത അറിയിച്ചു. അപ്പോൾ ലഭിച്ച മറുപടി: ''അപ്പോൾ ന്യായവിധി ആരംഭിച്ചു, അല്ലേ?'' ഒരാൾ എന്റെ ഒരു സുഹൃത്തിനെ വിളിച്ചുചോദിച്ചു: ''അറിഞ്ഞോടാ, അവന്റെ മകൻ ചത്തു.'' അമേരിക്കയിൽ സന്ദർശനത്തിനുപോയി കറങ്ങിത്തിരിഞ്ഞ ഒരു വിദ്വാൻ എന്റെ മകന്റെ മരണവാർത്ത അറിഞ്ഞയുടൻ ഇങ്ങനെ പ്രഖ്യാപിച്ചു: ''ഞാൻ നാട്ടിലോട്ടു ചെല്ലട്ടെ. ശരിക്ക് എഴുതുന്നുണ്ട്.'' ഇവരൊക്കെ വിശ്വാസികളെന്നല്ല മനുഷ്യർ പോലുമല്ല.

ദൈവം എല്ലാം നന്നായി ചെയ്യുന്നു. ദൈവത്തിനു തെറ്റു പറ്റുകയില്ല. ദൈവം ആരേയും ദോഷങ്ങളാൽ പരീക്ഷിക്കുകയുമില്ല. ഇയ്യോബിന്റെ പത്തു മക്കളും ഒരേദിവസം മരിച്ചു. സമ്പത്തെല്ലാം നശിച്ചു. സ്വന്തം ശരീരം പോലും പുഴുത്തു. ഇയ്യോബ് ചെയ്ത പാപത്തിന്റെ ഫലമാണിതൊക്കെ എന്നു പറയാൻ ആളുകൾ ചുറ്റും കൂടി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ദൈവകരം കാണാൻ അവർക്കു കഴിഞ്ഞില്ല. പക്ഷേ ഇയ്യോബിന് അവന്റെ ദൈവത്തെ അറിയാമായിരുന്നു. അതുകൊണ്ട് ഒരു വാക്കുകൊണ്ടു പോലും അവൻ ദൈവത്തെ ദുഷിച്ചില്ല. കഷ്ടനഷ്ടങ്ങൾ, രോഗം, മരണം തുടങ്ങിയതൊക്കെ ദൈവകോപംമൂലം ഉണ്ടാകുന്നതാണെന്നു പറഞ്ഞ് സന്തോഷിച്ചു നടക്കുന്നവർ ഇയ്യോബിന്റെ പുസ്തകം ഒരുവട്ടമെങ്കിലും വായിക്കുക.

ദാവീദ് കഴിഞ്ഞാൽ ഏറ്റവും നല്ല യഹൂദാ രാജാവ് ഹിസ്ക്കിയാവായിരുന്നു. ''അവൻ പൂജാഗിരികളെ നീക്കി വിഗ്രഹസ്തംഭങ്ങളെ തകർത്ത് അശേരാപ്രതിഷ്ഠയെ വെട്ടിമുറിച്ചു. മോശെ ഉണ്ടാക്കിയ താമ്രസർപ്പത്തെയും ഉടച്ചുകളഞ്ഞു; ആ കാലംവരെ യിസ്രായേൽമക്കൾ അതിനു ധൂപം കാട്ടിവന്നു; അതിനു നെഹൂഷ്ഠാൻ എന്നു പേരായിരുന്നു.'' പക്ഷേ നാല്പതു വയസ്സ് തികയുന്നതിനു മുൻപ് മരണം അവനെ തേടിവന്നു. അത് യാദൃശ്ചികമായിരുന്നില്ല, ദൈവത്തിന്റെ ഇഷ്ടത്താൽ വന്നതായിരുന്നു. എന്നാൽ അവന്റെ പ്രാർത്ഥന കേട്ട് ദൈവം അവനു 15 വർഷം നീട്ടിക്കൊടുത്തു. പക്ഷേ ദൈവീക പദ്ധതിയനുസരിച്ച് മരിക്കുകയായിരുന്നു നല്ലത് എന്ന് പിൽക്കാല അനുഭവങ്ങൾ തെളിയിച്ചു. രോഗം സൗഖ്യമായശേഷമാണ് ഹിസ്ക്കിയാവ് ബാബേൽ രാജാവിന്റെ ദൂതൻമാരെ ഭണ്ഡാരം കാണിക്കാൻ ഇടയായത്. ബാബേൽ പ്രവാസത്തിനു വിത്തു പാകിയത് ഈ സംഭവമാണ്. മാത്രമല്ല, ജനത്തേക്കൊണ്ടു പാപം ചെയ്യിക്കയും ബാബേലിലേക്ക് അവരെ അയയ്ക്കാൻ കാരണക്കാരനാകുകയും ചെയ്ത മനശ്ശെ ജനിച്ചതും ഹിസ്ക്കിയാവിനു രോഗസൗഖ്യമുണ്ടായശേഷമാണ്. ദൈവീക പദ്ധതി അനുസരിച്ചു മരിക്കാൻ ഹിസ്ക്കിയാവു തയ്യാറായിരുന്നെങ്കിൽ ഈ പ്രശ്നങ്ങളൊക്കെ ഒഴിവാക്കാമായിരുന്നു.

ദൈവം തന്റെ മക്കളെ സ്നേഹിക്കുന്നു. അവർക്കു നൻമ ചെയ്യുവാൻ ദൈവം പദ്ധതികൾ തയ്യാറാക്കുന്നു. അവയിൽ പലതും തിൻമയാണെന്നു തോന്നിയേക്കാം. പക്ഷേ ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നൻമയ്ക്കായിത്തീരുന്നു. ''അവൻ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്'' എന്നു മാത്രമേ ഈ വിഷയത്തിൽ എനിക്കു പറയാനുള്ളൂ.

ദൈവം ആറു ദിവസംകൊണ്ട് ഈ ലോകത്തെ സൃഷ്ടിച്ചു. ഓരോ ദിവസത്തെ സൃഷ്ടി കഴിയുമ്പോഴും ''നല്ലത് എന്നു ദൈവം കണ്ടു'' എന്ന് എഴുതിയിരിക്കുന്നു. പക്ഷേ രണ്ടാം ദിവസത്തെ സൃഷ്ടിക്കുശേഷം ദൈവം ഇങ്ങനെ പറഞ്ഞതായി എഴുതിയിട്ടില്ല. ആറാം ദിവസം വരെ ഈ സ്ഥിതി തുടർന്നു. പക്ഷേ സൃഷ്ടിയെല്ലാം കഴിഞ്ഞപ്പോൾ ഇപ്രകാരം എഴുതിയിരിക്കുന്നു: ''താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലത് എന്നു കണ്ടു. സന്ധ്യയായി, ഉഷസ്സുമായി, ആറാം ദിവസം.'' ആറാം ദിവസവും പൂർത്തിയായിക്കഴിഞ്ഞപ്പോൾ എല്ലാം നല്ലതാണെന്നു തെളിഞ്ഞു. നമ്മുടെ ദിവസങ്ങൾ അവസാനിച്ചിട്ടില്ല. അതുകൊണ്ട് ചില ദിവസങ്ങൾ നല്ലതല്ല എന്നു തോന്നാം. പക്ഷേ എല്ലാം അവസാനിച്ചശേഷം വിലയിരുത്തുമ്പോൾ എല്ലാം നല്ലതായിരുന്നു എന്നു മനസ്സിലാകും. അതുകൊണ്ട് സമയത്തിനു മുൻപേ ഒന്നും വിധിക്കരുത്. ദൈവത്തെ പഴിക്കയുമരുത്. ദൈവം സൃഷ്ടിച്ചതൊക്കേയും നല്ലതുതന്നെ. നല്ലവനായ ദൈവത്തിൽ നിന്നു നൻമ മാത്രമേ വരൂ. ദൈവത്തിന്റെ നൻമയിൽ വിശ്വസിക്കുക.

# മഹത്വത്തിനായി കലഹിക്കരുതേ

റ്റി.എസ്.ബാലന്റെ മകൻ മരിച്ചത് ആരുടെ പ്രാർത്ഥനയുടെ ഫലമായാണ്? ''കണ്ടോ, എന്റെ പ്രാർത്ഥന ഫലിച്ചു'' എന്ന് പല കള്ളൻമാരും ഇതിനോടകം പ്രഖ്യാപിച്ചു കഴിഞ്ഞു.

ഡിഫെൻഡർ പ്രസിദ്ധീകരിക്കാൻ തുടങ്ങിയിട്ട് 12 വർഷമായി. നൂറുകണക്കിനു കള്ളൻമാർക്കെതിരെ ഡിഫെൻഡർ എഴുതിയിട്ടുമുണ്ട്. (ദൈവദാസൻമാർക്കെതിരെ ഡിഫെൻഡർ എഴുതിയിട്ടുമില്ല.) അതുകൊണ്ട് ബാലന്റെ മകൻ മരിച്ചതിന്റെ മഹത്വം എല്ലാ കള്ളൻമാർക്കും അവകാശപ്പെട്ടതാണ്. പക്ഷേ മുഴുവൻ മഹത്വവും തനിക്കുതന്നെ വേണം എന്നാണ് ഓരോ കള്ളന്റേയും ആഗ്രഹം. ''എനിക്കെതിരെ ശബ്ദിച്ചാൽ ഇതാണു ഫലം'' എന്നു പറഞ്ഞു ജനത്തെ വിരട്ടി വായടപ്പിക്കാൻ മഹത്വം മുഴുവൻ ലഭിച്ചേ മതിയാകൂ.

ഈ വിഷയത്തിൽ റ്റി.എസ്.ബാലൻ എന്ന ഈയുള്ളവനു പറയാനുള്ളത് ഇതാണ്: എന്റെ മകനെ പ്രാർത്ഥിച്ചു കൊന്നു എന്നു പറഞ്ഞ് ആരു മഹത്വമെടുക്കുന്നതിനും എനിക്കു വിരോധമില്ല. പക്ഷേ ഇതിന്റെ പേരിൽ നിങ്ങൾ കടിപിടി കൂടരുത്. ഡിഫെൻഡറിന്റെ വിമർശനത്തിനു വിധേയരായിട്ടുള്ളവർ എല്ലാം ചേർന്ന് ഒരു ധാരണയിൽ എത്തുക. ഓരോരുത്തർക്കും എത്ര ശതമാനം മഹത്വം എടുക്കാം എന്ന് തീരുമാനമുണ്ടാക്കുക. ഭാവിയിൽ ബാലനോ ബാലന്റെ കുടുംബാംഗങ്ങൾക്കോ എന്തെങ്കിലും വിധത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ മഹത്വം വീതിച്ചെടുക്കുന്നതു സംബന്ധിച്ചും ഒത്തുതീർപ്പുണ്ടാക്കുക. നിങ്ങളൊക്കെ ഒരു യജമാനന്റെ ദാസൻമാരാണ്. നിങ്ങൾ പരസ്പരം കലഹിക്കുന്നതു ശരിയല്ല. അതുകൊണ്ട് മഹത്വത്തിനായുള്ള കലഹം ഒഴിവാക്കുക.


## എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ കോപ്പിയടി അസാധ്യമാക്കൂ

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

**കൂടുതൽ വിവരങ്ങൾക്ക്: 96564 32921**

RNI No. 68089 / 97
2009 June 1

# THE DEFENDER

REGISTERED
KL/ALY/0031/2009-11

## ശാരോന്റെ അനാഥശാല പെണ്ണൂട്ടിക്കു സ്വന്തം



ശാരോന് മലബാറിൽ ഒരു അനാഥശാല ഉണ്ടെന്നാണു വയ്പ്. പക്ഷേ, 'ജയം നമുക്കും സ്ഥലം മൂത്താനാർക്കും' എന്നു പറഞ്ഞതുപോലെയാണ് അവിടത്തെ സ്ഥിതി. ശാരോന്റേതാണെന്നു പറയപ്പെടുന്ന അനാഥശാലയിൽ ശാരോന് ഒരു അധികാരവുമില്ല.

ശാരോൻ ഫെലോഷിപ്പിന്റെ പ്രസിഡന്റാണ് ടി.ജി.കോശി. പക്ഷേ അനാഥശാലയേപ്പറ്റി ടി.ജി.കോശിക്ക് ഒന്നും അറിഞ്ഞുകൂടാ. മറ്റു നേതാക്കൻമാരായ ടി.പി.ഏബ്രഹാം, പി.ജി.ജേക്കബ് തുടങ്ങിയവരുടെ സ്ഥിതിയും ഇതുതന്നെ. അവിടെന്താണു നടക്കുന്നത്? എത്ര കുട്ടികളുണ്ട്? വരവെത്ര? ചെലവെത്ര? മിച്ചം വല്ലതുമുണ്ടോ? ഒരു പിടിയുമില്ല.

പിന്നെ ഇതൊക്കെ ആർക്കാണറിയാവുന്നത്? സർവ്വശക്തനായ പെണ്ണൂട്ടിക്കു മാത്രം. മാസത്തിൽ രണ്ടോ മൂന്നോ വട്ടം പെണ്ണൂട്ടി അവിടെ പോകും. വേണ്ടതും വേണ്ടാത്തതും ചെയ്യും. ആരും ഒന്നും അറിയുകയില്ല.

അറുപതേക്കറിൽ അധികം സ്ഥലം ഈ അനാഥാലയത്തിനു സ്വന്തമായുണ്ട്. നിറയെ കശുമാവുണ്ട്. വരുമാനം എത്രയെന്ന് ഊഹിക്കാം. അനാഥശാല എന്ന പേരു നിലനിർത്താൻ പത്തോ പതിനഞ്ചോ കുട്ടികളെ എടുക്കും. അവർക്കു റേഷനരി പുഴുങ്ങി കൊടുക്കും. ബാക്കിയെല്ലാം പെണ്ണൂട്ടി വിഴുങ്ങും.

ഇതു മാത്രമാണു പ്രശ്നമെങ്കിൽ പോട്ടെന്നു വയ്ക്കാമായിരുന്നു. ഇതിലും ഗൗരവമുള്ള ചിലതൊക്കെ അവിടെ നടക്കുന്നുണ്ട്. പെണ്ണൂട്ടിക്ക് അവിടെ ഒരു രണ്ടാം ഭാര്യ ഉണ്ടെന്നതാണ് ഗൗരവമുള്ള പ്രശ്നം. വർഷങ്ങൾക്കു മുൻപ് ഈ പ്രശ്നം ശാരോനിൽ ഏറെ വിവാദങ്ങൾക്കു കാരണമായി. മറ്റൊരു നിവൃത്തിയുമില്ലാതായപ്പോൾ പെണ്ണൂട്ടി ആ സ്ത്രീയെ പിരിച്ചുവിട്ടു. അങ്ങനെ പ്രശ്നം തീർന്നു എന്ന് ഏവരും കരുതി. ചില വർഷങ്ങൾക്കു ശേഷം ചിലർ ഈ സ്ത്രീയെ വീണ്ടും അവിടെ കണ്ടു. പെണ്ണൂട്ടി വളരെ രഹസ്യമായി ഇവരെ തിരികെ കൊണ്ടുവന്നതായിരുന്നു. ഇവളുമായി തനിക്ക് അവിഹിതബന്ധമുണ്ടെന്ന വസ്തുത പെണ്ണൂട്ടി ശാരോൻ നേതാക്കൻമാരുടെ മുൻപിൽ ഏറ്റു പറയുകയും ചെയ്തു. കാര്യമായ ഒരു നടപടിയും ഉണ്ടായില്ല. ഇപ്പോഴും ഇയാൾക്ക് അവിടെ ഒരു സ്റ്റെപ്പിനിയുണ്ട്.

## നറുക്കെടുപ്പു തന്ത്രവുമായി ടി.ജെ.ശാമുവൽ രംഗത്ത്

അധികാരം നഷ്ടപ്പെടുമെന്ന സ്ഥിതി വരുമ്പോൾ ടി.ജെ.ശാമുവലിന് അസഹനീയമായ ആത്മീയ തീഷ്ണതയുണ്ടാകും. കുറെ കാലം മുൻപ് ഇത്തരം ഒരു തീഷ്ണത ഈ ചങ്ങാതിക്കുണ്ടായി. സൂപ്രണ്ട് സ്ഥാനം നഷ്ടമായപ്പോഴാണ് തീഷ്ണതയുടെ ഉപദ്രവമുണ്ടായത്. സംഘടനകളും ഭരണക്രമങ്ങളും അധികാരങ്ങളും മറ്റും ദൈവീക പദ്ധതിക്ക് എതിരാണെന്ന് ടി.ജെ കണ്ടുപിടിച്ചു. ഇനി ഇതൊന്നും വേണ്ട. പാന്റിടുന്നതു മഹാപാപമായതുകൊണ്ട് ഇനി മുണ്ടേ ഉടുക്കൂ. തികച്ചും ലളിതജീവിതം. 2020 ആകുമ്പോഴേക്കും ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമാകാൻ പോകുന്നു. മഹത്തായ ആ ലക്ഷ്യത്തിനുവേണ്ടി പോരാടുക മാത്രം ലക്ഷ്യം. അങ്ങനെ ടി.ജെ.ശാമുവൽ ഡൽഹിയിൽ ചെന്നിരുന്ന് ഉപവസിക്കാൻ തുടങ്ങി. ഇന്ത്യയെ ക്രിസ്ത്യൻ രാഷ്ട്രമാക്കാൻ ഡൽഹി പിടിച്ചടക്കണമല്ലോ. അങ്ങനെ വർഷങ്ങൾ ചിലതു കഴിഞ്ഞു. വീണ്ടും ടി.ജെ.ശാമുവലിന് സൂപ്രണ്ടാകാൻ നിയമ തടസ്സമില്ല എന്ന സ്ഥിതി വന്നു. അതോടെ ടി.ജെ മുണ്ടുപറിച്ചുകളഞ്ഞ് വീണ്ടും പാന്റിട്ടു. ലളിതവസ്ത്രമൊക്കെ കളഞ്ഞ് കോട്ടും സൂട്ടുമിട്ടു. സാത്താന്യമെന്നു മുദ്രകുത്തി തള്ളിക്കളഞ്ഞതെല്ലാം തിരികെയെടുത്തു. തെരഞ്ഞെടുപ്പിൽ മത്സരിച്ച് സൂപ്രണ്ടുമായി.



ഇപ്പോഴിതാ ചരിത്രം വീണ്ടും ആവർത്തിക്കുന്നു. ഏതാനും മാസം കഴിയുമ്പോൾ ടി.ജെയുടെ സൂപ്രണ്ട് സ്ഥാനം ഇല്ലാതാകും. അതുകൊണ്ട് പഴയ ആത്മീയ ജ്വരം ഈ ചങ്ങാതിയെ വീണ്ടും പിടികൂടിയിരിക്കയാണ്. ദൈവസഭയിൽ ജനാധിപത്യമല്ല ദൈവാധിപത്യമാണു നടക്കേണ്ടതെന്ന് ഈ ചങ്ങാതി കണ്ടു പിടിച്ചു. ദൈവസഭയുടെ നേതാക്കളെ വോട്ടിട്ടു കണ്ടെത്തുകയല്ല നറുക്കിട്ട് എടുക്കുകയാണു വേണ്ടത്. (ശരിയല്ലേ കുറുപ്പേ?)

സംഗതി അസ്സലായി എന്നു പറയാതെ വയ്യ. പക്ഷേ ഒരു സംശയം: ദൈവസഭ എന്നതു കൊണ്ട് ടി.ജെ ശാമുവൽ എന്താണ് അർത്ഥമാക്കുന്നത്? അസംബ്ലീസ് ഓഫ് ഗോഡ് എന്നാണോ? ആണെങ്കിൽ ടി.ജെയ്ക്കു തെറ്റി. കാരണം, അസംബ്ലീസ് ഓഫ് ഗോഡ്, ചർച്ച് ഓഫ് ഗോഡ്, ഐ.പി.സി., ശാരോൻ തുടങ്ങിയതൊന്നും ദൈവസഭയല്ല സംഘടനയാണ്. ബൈബിളിന്റെ നിയമം അനുസരിച്ചല്ല ഇന്ത്യയിൽ നിലവിലുള്ള നിയമം അനുസരിച്ചാണ് ഇവ നിലവിൽ വന്നിരിക്കുന്നത്. അതുകൊണ്ട് ഈ സംഘടനകളുടെ നേതാക്കൻമാരെ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കുന്നതു തെറ്റല്ല.

കുറേക്കാലം എ.ജിയുടെ സൂപ്രണ്ടായിരുന്നപ്പോൾ എ.ജിയാണ് ദൈവസഭയെന്നും താനാണ് ദൈവസഭയുടെ തലവനെന്നും മറ്റും ടി.ജെ.ശാമുവൽ ധരിച്ചുപോയി. അതുകൊണ്ടാണ് ഇത്തരം വിവരക്കേടുകൾ എഴുന്നെള്ളിക്കുന്നത്. വിശ്വാസി, വിശ്വാസികളുടെ പ്രാദേശിക കൂട്ടായ്മയായ ലോക്കൽ സഭ, എല്ലാ ലോക്കൽ സഭകളും ചേരുന്ന ആകമാനസഭ എന്നിവ മാത്രമേ ദൈവീക പദ്ധതിയിലുള്ളൂ. അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അദ്ധ്യാപകൻ എന്നിവരാണ് ദൈവസഭയുടെ നേതാക്കൻമാർ. ഇവരെ ദൈവം നിയമിക്കുകയാണു ചെയ്യുന്നത്. തെരഞ്ഞെടുപ്പോ നറുക്കിട്ടെടുക്കലോ ഇല്ല. അതുകൊണ്ട് ടി.ജെ.ശാമുവൽ ദൈവവചനം പഠിക്കുക. വിവരക്കേട് എഴുന്നെള്ളിക്കുന്നതു നിർത്തുക.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.
വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.
പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan